

1166

ISBN 81-237-2780 -1

2000 (*ശക. 1922*) : രണ്ടാം മുദ്രണം
ആദ്യമുദ്രണം : 1999
© ഷൈലാ ശർമ, 1987
തർജമ © നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ
Gaumukh Yatra (*Malayalam*)

രൂ. 15.00

പ്രസാധനം : ഡയറക്ടർ, നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ
എ–5, ഗ്രീൻ പാർക്ക്, ന്യൂഡൽഹി–110 016

നെഹ്രുബാലപുസ്തകാലയം

ഗൗമുഖ് യാത്ര

ഷൈലാ ശർമ

ചിത്രീകരണം റീനി കൗർ

വിവർത്തനം ഡോ. എം. ലീലാവതി

നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

ഗൗമുഖത്തേക്ക് ഒരു യാത്ര

ദേവയാനിയും ആദിത്യനും മുത്തച്ഛന്റെ മുറിയുടെ വാതിൽ പതുക്കെ തുറന്നു. അകത്തേക്കു നോക്കിയപ്പോൾ കണ്ട കാഴ്ച വിശ്വസിക്കാൻ കഴിഞ്ഞില്ല. ഒരു കിടക്ക കെട്ടി വെച്ചിരിക്കുന്നു. ചില പൊതികൾ ഒരുക്കിയിട്ടുണ്ട്. ഈത്തപ്പഴവും മറ്റു ചില പഴങ്ങളും. എന്താണിത്?

കുറച്ചുമുമ്പെയാണ് മുത്തച്ഛൻ തിടുക്കത്തിൽ കയറി വന്നത്. മുറിയിൽ കയറി. ഉടനെതന്നെ പുറത്തേക്കിറങ്ങിപ്പോവുകയും ചെയ്തു. പതിവുപോലെ കുട്ടികളെ വിളിച്ചില്ല. ഇങ്ങനെയൊരു വല്ലാത്ത പെരുമാറ്റം ഇതിനു മുമ്പുണ്ടായിട്ടില്ല. എന്തിനാണ് മുത്തച്ഛന്റെ പുറപ്പാട്?

ഒടുവിൽ ദേവയാനി പറഞ്ഞു: "അകത്തു കടന്നു നോക്കാം, എന്താണെന്നറിയണമല്ലോ."

അവർ മുറിക്കുള്ളിൽ കടന്നു. ആദിത്യൻ മുത്തച്ഛന്റെ കുർത്തയുടെ പോക്കറ്റു തപ്പി — ചുമരിലെ ആണിയിൽ കുർത്ത തൂങ്ങിക്കിടന്നിരുന്നു. ഒരു പോക്കറ്റിൽ ചോക്കളേറ്റുണ്ട്. പതിവു പോലെ തങ്ങൾക്കു തരാൻ കൊണ്ടുവന്നതായിരിക്കണം. മറ്റേ പോക്കറ്റിൽ ചില കടലാസുകൾ? രഹസ്യമെന്തെന്നു പിടി കിട്ടിയില്ല.

അവർ വാതിൽ ചാരി. പിന്നിലെ വരാന്തയിൽ രണ്ടു സ്റ്റൂളുകളിലിരുപ്പായി. മിണ്ടാതെ, ക്ഷമയോടെ, മുത്തച്ഛന്റെ വരവു കാത്തുംകൊണ്ട്—

മുത്തച്ഛൻ എത്തിയപ്പോൾ ദേവയാനിയും ആദിത്യനും പതിവു പോലെ ഉത്സാഹത്തോടെ ഓടിച്ചെന്നില്ല. എതിരേറ്റില്ല, പോക്കറ്റു തപ്പാനും പോയില്ല. 'മുത്തച്ഛാ! ഇന്നെന്താ കൊണ്ടുവന്നത്? തരാ

മെന്നു പറഞ്ഞ ചോക്കളേറ്റെവിടെ? എന്നൊന്നും ചോദിച്ചില്ല.

"എന്തുപറ്റി? പിള്ളേരെവിടെ പ്പോയി?" മുത്തച്ഛൻ അത്ഭുതപ്പെട്ടു. ജനലിൽ കൂടി പുറത്തേക്കു നോക്കി. വരാന്തയിലുണ്ട്, രണ്ടും മുഖം വീർപ്പി ച്ചിരിക്കുന്നു.

"എന്താണ് കാര്യം?" അദ്ദേഹം ചിരിച്ചുകൊണ്ടു ചോദിച്ചു. "നിങ്ങ ളെന്താ ഇവിടെ ഒളിച്ചിരിക്കണത്? ഇന്നെന്തെങ്കിലും പുതിയ വികൃതിയൊ പ്പിക്കാൻ പരിപാടിയുണ്ടോ?"

രണ്ടുപേരും മിണ്ടിയില്ല. മുത്തച്ഛൻ വീണ്ടും ചോദിച്ചു. "എന്താ മിണ്ടാതിരി ക്കുന്നത്?"

ഉത്തരമില്ല. ഇവരെക്കൊണ്ടു മിണ്ടിക്കണമല്ലോ. വഴിയുണ്ട്. മുത്തച്ഛൻ ചോദിച്ചു. "അപ്പോ ചോക്കളേറ്റ് വേണ്ട; അല്ലേ?"

"ഞങ്ങളത് പോക്കറ്റിൽ നിന്നെടുത്തൂലോ'' ദേവയാനി പറഞ്ഞു. "അതുംകൂടി മുത്തച്ഛനറിഞ്ഞില്ല."

"ഞങ്ങളോടു മിണ്ടാണ്ടെ സൂത്രത്തിൽ എങ്ങോട്ടോ പോവ്വല്ലേ?" ആദിത്യൻ പറഞ്ഞു.

മുത്തച്ഛൻ പുഞ്ചിരി തൂകി. "ഞാനതു പറയാൻ തുടങ്ങ്വല്ലേ? പെട്ടെന്നാണ് തീർച്ചയാക്കിയത്."

"എങ്ങട്ടാ പോണത് മുത്തച്ഛാ? ഞങ്ങൾക്കു വരാൻ പറ്റാത്ത സ്ഥലമാണോ?" ആദിത്യൻ.

"അതെ—ഞാൻ 'ഗൗമുഖ'ത്തേക്കു പോകയാണ്. വിഷമം പിടിച്ച യാത്രയാണ്. നിങ്ങളെക്കൊണ്ടാവില്ല. അതാ പറയാഞ്ഞത്."

"ഇപ്പോ തിടുക്കത്തിലെങ്ങോട്ടാ പോയത്?" ദേവയാനി ചോദിച്ചു.

"ടിക്കറ്റു വാങ്ങാൻ."

"ഞങ്ങൾക്കുംകൂടി ടിക്കറ്റു മേടിക്കായിരുന്നില്ലേ, മുത്തച്ഛാ?'' ആദിത്യൻ വിടാതെ പിടിച്ചു. രണ്ടാളും ഒരേ വാശി. മുത്തച്ഛൻ തോറ്റു. അലട്ടൊഴിവാകില്ല സമ്മതിക്കാഞ്ഞാൽ.

"ശരി. നിങ്ങൾക്കും ടിക്കറ്റു വാങ്ങാം. തയ്യാറായിക്കോളിൻ. ഒന്നുണ്ട്. മല കയറാനാണ് പോകുന്നത്. കനമുള്ള സഞ്ചി ചുമക്കാനാവില്ല. കുറച്ചു സാധനങ്ങളേ എടുക്കാവൂ" അദ്ദേഹം താക്കീതു കൊടുത്തു.



പിറ്റേന്നു നേരം വെളുത്തു. "മുത്തച്ഛാ! ഞാൻ പാക്ക് ചെയ്തു. നോക്കൂ" ദേവയാനി തന്റെ സഞ്ചി കാട്ടിക്കൊണ്ടു പറഞ്ഞു. "കനംകുറഞ്ഞ കമ്പിളി ഉടുപ്പുകളേ എടുത്തിട്ടുള്ളൂ എളുപ്പത്തിൽ കഴുകാവുന്നവ. പിന്നെ രണ്ടേ രണ്ടു ജോടി ഉറപ്പുള്ള ഷൂസും. കാലിൽ കടിക്കാത്ത രണ്ടുജോടി മാത്രം."

"ഞാൻ എല്ലാം സഞ്ചിയിലാക്കിക്കഴിഞ്ഞു. തോളിൽ തൂക്കിയിടാവുന്ന സഞ്ചി" ആദിത്യൻ കാട്ടിക്കൊടുത്തു.

"നന്നായി" മുത്തച്ഛൻ പറഞ്ഞു. "നമ്മൾ ആദ്യം ഉത്തര കാശിയിൽ പോകും. പിന്നെ ഗംഗോത്രി. പിന്നെ നേരെ ഗൗമുഖത്തേക്ക്. ഗംഗാനദി ഉറവെടുത്ത സ്ഥലം കാട്ടിത്തരാം. നേരത്തെ പുറപ്പെടുക. വണ്ടിയിൽ നല്ല സീറ്റുകൾ പിടിക്കണം."

* * *

ആദിത്യന് ഉത്തരകാശി നന്നെ ഇഷ്ടപ്പെട്ടു. മലകയറ്റം പഠിപ്പിക്കുന്ന സ്കൂളുണ്ടവിടെ. മുത്തച്ഛൻ പഠിച്ച സ്കൂൾ. അദ്ദേഹം സ്കൂൾ കാട്ടിക്കൊടുത്തു. അവർ മലകയറ്റത്തിനുള്ള സാധനങ്ങളെല്ലാം നോക്കിക്കണ്ടു. കയറുകൾ, മഴുക്കൾ, കയറ്റു കോണികൾ, പ്രാണവായു സിലിണ്ടറുകൾ, കൂടാരങ്ങൾ മുതലായവ— നല്ല രസം തോന്നി.

"ഇതൊക്കെ എന്തിനാണ് മുത്തച്ഛാ!"

"മലമുകളിൽ ഹിമക്കട്ടമേൽ കാലു വഴുതും. കയറാൻ ഇതൊക്കെ വേണം."

"മുത്തച്ഛാ, ഞാൻ മല കയറാൻ പോണു," ആദിത്യൻ പറഞ്ഞു. "എനിക്ക് അവയെല്ലാം വേണം.

"മോനെ! പറ്റില്ല. ആദ്യം മലകയറ്റം പഠിക്കണം. നല്ല പരിശീലനം കിട്ടിയാലേ മല കയറാൻ പറ്റൂ. നിങ്ങൾ കണ്ടോ? നോക്ക്. ഈ സ്ഥാപനത്തിന്റെ സ്ഥാപകൻ ബ്രിഗേഡിയർ ഗ്യാൻസിങ്ങ് തന്റെ വീട്ടിനിട്ടിരിക്കുന്ന പേരെന്താണെന്നു നോക്ക്".

കുട്ടികൾ വാതിലിനു മുകളിലുള്ള ഫലകത്തിൽ നോക്കി വായിച്ചു. "ഭാഗീരഥി."

"മുത്തച്ഛാ! ആരാണ് ബ്രിഗേഡിയർ ഗ്യാൻസിങ്ങ്?"

"ഇന്ത്യയിലെ കേളികേട്ട മലകയറ്റക്കാരനാണ്. എവറസ്റ്റ് കൊടുമുടി കയറാൻ ശ്രമിച്ച ഒന്നാം സംഘത്തിന്റെ നേതാവായിരുന്നു അദ്ദേഹം. കുട്ടികൾക്കുവേണ്ടി, ആ ഉദ്യമത്തെപ്പറ്റി അദ്ദേഹം ഒരു പുസ്തകമെഴുതിയിട്ടുണ്ട്: *ഹിമാലയത്തിന്റെ കൊടുമുടിയിലേക്ക്.*"

ആദിത്യൻ വീടു നോക്കിക്കാണുന്ന നേരത്ത് ദേവയാനി തെരുവുവക്കത്തെ കടയിൽ പോയി കൗതുകവസ്തുക്കളും ധവളമരം കൊണ്ടുള്ള കളിപ്പാട്ടങ്ങളും കണ്ടു. തിരിച്ചുപോകുമ്പോൾ ചിലതെല്ലാം വാങ്ങിക്കൊണ്ടുപോകണമെന്ന് അവൾ തീരുമാനിച്ചു.

ആദിത്യൻ പറഞ്ഞു. "ഞാൻ ഗംഗയിൽ കുളിക്കാൻ പോകുന്നു."

"എന്റെ കൈ വിടരുത്" മുത്തച്ഛൻ.

"പേടിക്കണ്ട മുത്തച്ഛാ! ആദിത്യന് നല്ലപോലെ നീന്താനറിയാം." ദേവയാനി ഉറപ്പുകൊടുത്തു.

"കൊള്ളാം. ഒഴുക്കിന്റെ വേഗം കണ്ടോ? ഒഴുക്കിനൊത്തു നീന്തുന്നതെളുപ്പം തന്നെ. തിരിച്ചു നീന്തി കരയ്ക്കെത്തലത്ര എളുപ്പമൊന്നുമല്ല. പിന്നെ വെള്ളത്തിനടിയിൽ കാണുന്ന പാറയില്ലേ? കാണുംപോലെയല്ല. വളരെ വലുതാണ്. അതറിയാഞ്ഞാൽ ഇടിച്ചു പരിക്കുപറ്റും. തൊട്ടുനോക്ക്. വെള്ളം ഐസ് ഉരുകിയപോലെ. എന്തു തണുപ്പ്. അല്ലേ?"

ആദിത്യൻ ഒന്നുരണ്ടു മുങ്ങി. എന്നിട്ടു വിളിച്ചു പറഞ്ഞു. "മതി, മുത്തച്ഛാ ഞാൻ കയറുകയാണ്."

മുത്തച്ഛൻ അവനെ കൈ കൊടുത്തു കയറ്റി. വേഗം ഉണങ്ങിയ ഉടുപ്പിടാൻ പറഞ്ഞു.

“നോക്ക് ആദിത്യാ! ഏതാണാ പക്ഷി?” ദേവയാനി വിളിച്ചു ചോദിച്ചു. “ഞാൻ ഇതിനെ കണ്ടിട്ടേയില്ലാ മുമ്പ്. എന്തൊരു ഭംഗി! കറുത്ത കണ്ണിന്റെ ചുറ്റും ഓറഞ്ചു നിറം. ഓറഞ്ചു നിറത്തിലുള്ള കൺമഷിയെഴുതിയപോലെ. മാനിന്റേതുപോലെ ഭംഗിയുള്ള കണ്ണും!”

ആദിത്യൻ പറഞ്ഞു. “അത് ഇണങ്ങിയ പക്ഷിയാണെന്നു തോന്നുന്നു. അതാ ആ കാണുന്ന ആളുടെതായിരിക്കാം. നോക്കൂ അതിനെ അഴിച്ചുവിട്ടിരിക്കയാണ്. എന്തോ ധാന്യം കൊത്തി ത്തിന്നുന്നു.”

ഉടുപ്പുമാറി എത്തിയ മുത്തച്ഛൻ ചോദിച്ചു. “ഏതു പക്ഷിയെ യാണ് നിങ്ങൾ നോക്കുന്നത്? ആ്, അത് ചകോരപ്പക്ഷിയാണല്ലോ.”

“ചകോരമോ?” ദേവയാനി അത്ഭുതപ്പെട്ടു! “ആദിത്യാ, അതിന്റെ പടമെടുക്കൂ. സ്കൂളിലെ കുട്ടികൾക്ക് കാട്ടിക്കൊടു ക്കണം. ‘ചകോര’ത്തെപ്പറ്റി ഞാൻ ഏതോ പുസ്തകത്തിൽ



വായിച്ചിട്ടുണ്ടല്ലോ. അതിന്റെ കണ്ണ് എപ്പോഴും ചന്ദ്രന്റെ നേരെയായിരിക്കുമത്രെ."

ആദിത്യൻ പറഞ്ഞു. "ആദ്യം അതിനെ നല്ലപോലെ ഒന്നു കാണുക. ചകോരത്തിനെപ്പറ്റി എന്തൊക്കെ അറിയാം? ചോദിച്ചാൽ പറയണ്ടേ? ശരി. അത് ഒരു പിടക്കോഴിയേക്കാൾ ചെറുതാണ്. തിത്തിരിപ്പുള്ളിനേക്കാൾ വലുതും. മലമ്പ്രദേശങ്ങളിൽ ആളുകൾ അതിനെ വളർത്തുന്നുണ്ട്. അത് ധാന്യം തിന്നും. പുൽനാമ്പുകളും പുഴുക്കളും കൂടി അതിന്റെ ആഹാരമാണ്. അതിന്റെ കണ്ണുകൾക്കു നല്ല ഭംഗിയുണ്ട്."

ദേവയാനിക്കു കമ്പം കേറി. "മുത്തച്ഛാ! നമുക്കൊരു ചകോരത്തെ വളർത്തണം. അയാളതിനെ വിൽക്കുമോ എന്നു ചോദിക്കൂ."

"വിഡ്ഢിപ്പെണ്ണേ! അതൊരു മലങ്കിളിയാണ്. ചൂടേറിയ സമതലങ്ങളിലെത്തിയാൽ അതു ചാവും. വേഗം വരിൻ! നമുക്കിനിയും ഏറെ ദൂരം താണ്ടാനുണ്ട്."

ബസ്സിലിരിക്കുമ്പോഴും ദേവയാനി കിളിയെപ്പറ്റി ഓർക്കുകയായിരുന്നു. "മുത്തച്ഛാ അതിനു പറക്കാൻ കഴിയുമോ?"

ആദിത്യൻ ഇടയ്ക്കു കേറി "കണ്ടുകൂടേ! അതിനു ചിറകുണ്ടല്ലോ. തീർച്ചയായും പറക്കും." "മാത്രമല്ല, നല്ല വേഗത്തിൽ പറക്കും. കരുത്തരായ പറക്കക്കാരാണവ." മുത്തച്ഛൻ കൂട്ടിച്ചേർത്തു.

ദേവയാനി കിണുങ്ങി: "മുത്തച്ഛൻ തിടുക്കം കൂട്ടി. എനിക്കതിനെ കുറേനേരം കാണണമെന്നുണ്ടായിരുന്നു."

"അതാണ് മലകളുടെ മന്ത്രശക്തി. എവിടെപ്പോയാലും അവിടെത്തന്നെ തങ്ങണമെന്നു തോന്നും പക്ഷേ പറ്റില്ല. കണ്ടില്ലേ ഈ വളഞ്ഞുപുളഞ്ഞ നിരത്തുകൾ? അന്തിയാകുംമുമ്പെ ഈ വഴിയൊക്കെ പിന്നിടണം. ഇരുളുപരന്നാൽ വണ്ടിയോടിക്കൽ കൂടുതൽ അപകടകരമാണ്. പിന്നെ കാട്ടുജന്തുക്കളെയും പേടിക്കണം. നമ്മൾ ഉയരത്തിൽ പോകുന്തോറും ഉദയസൂര്യന്

പ്രഭ കൂടുന്നതായി തോന്നും. പക്ഷെ മൂന്നുമണി കഴിഞ്ഞാൽ ഇരുളുപരക്കാൻ തുടങ്ങും. അതുകൊണ്ട് വേഗം പോണം."

പക്ഷേ ദേവയാനി ചകോരത്തെക്കുറിച്ചുതന്നെ ചിന്തിച്ചു കൊണ്ടിരുന്നു. അപ്പോൾ മുത്തച്ഛൻ പറഞ്ഞു. "ഞാൻ മനോഹര മായ മറ്റൊരു പക്ഷിയെപ്പറ്റി പറഞ്ഞുതരാം."

കുട്ടികൾക്ക് ഉത്സാഹമായി. അദ്ദേഹം പറഞ്ഞു.

"അതിനു മോനാൽപ്പക്ഷിയെന്നാണ് പേര്. മയിലിനെക്കാളും ഭംഗിയേറും എന്നാണെന്റെ പക്ഷം. അതിന്റെ വീതിയുള്ള വാല് നീളംകുറഞ്ഞ് ഏതാണ്ട് ചതുരാകൃതിയിലുള്ളതാണെങ്കിലും തൂവലുകൾക്കെന്തു ഭംഗിയാണെന്നോ! തിളങ്ങുന്ന പച്ചയും നീല യുമായ തൂവലുകൾ."

"അതെന്താ, മുത്തച്ഛന് അവയെപ്പറ്റി പറയുമ്പോൾ വ്യസനമു ള്ളതുപോലെ?"

"അതോ. പണ്ട് ഓരോ മരത്തിലും ഈ പക്ഷികളെ കാണാറു ണ്ടായിരുന്നു. ഇപ്പോഴോ? ഒന്നിനെ കണ്ടുകിട്ടിയാൽ ഭാഗ്യം."

"പാവങ്ങൾ! അവയ്ക്കെന്തു ചെയ്യാനാവും!" മുത്തച്ഛൻ കാര്യം വെളിപ്പെടുത്തി. "ഇംഗ്ലീഷുകാരിപ്പെണ്ണുങ്ങൾക്ക് അവയുടെ

തൂവലുകളിൽ കമ്പം കേറി – ആ തൂവലുകൾ തൊപ്പിയിൽ തിരുകാൻ മോഹം. അത് അന്നത്തെ വലിയ പരിഷ്കാരമായി. എല്ലാ ഇംഗ്ലീഷുകാർക്കും വേണം തൊപ്പിയിൽ മോനാൽ പക്ഷിയുടെ തൂവൽ. അങ്ങനെ വിൽസൺ സായ്‌വ് ആ വ്യാപാരം തുടങ്ങി. പക്ഷികളെ പിടിച്ചുകൊന്ന് തൂവലുകൾ ഇംഗ്ലണ്ടിലേക്ക് കയറ്റി അയയ്ക്കുക. പണം വാരുക."

"കഷ്ടം! ആരാണീ വിൽസൺ സായ്‌വ്?" ആദിത്യൻ ചോദിച്ചു.

പെട്ടെന്നു മുത്തച്ഛൻ പറഞ്ഞു. "നോക്കൂ ഇതാ ഭട്ട്വാരി. നമ്മൾ പക്ഷികളെപ്പറ്റി പറഞ്ഞുപറഞ്ഞ് ഇതു കണ്ടില്ല. വിൽസൻ സായ്‌വിനെപ്പറ്റി പറയാൻ ധാരാളം സമയം കിട്ടും."

"ഭട്ട്വാരി! അതെന്തൊരു പേര്!" — ദേവയാനി.

"എന്താണെന്നോ? നമ്മൾ വാക്കുകളെ നമ്മുടെ നാവിലിട്ട് ഉരുട്ടുന്നു ഇല്ലേ? അങ്ങനെ വാക്കുകൾ തേയുന്നു. പഠിപ്പുള്ളവർ വാക്കുകൾ സ്പഷ്ടമായി ഉച്ചരിച്ചേക്കും. നിരക്ഷരർ ഉച്ചാരണ

ശുദ്ധിയിൽ ശ്രദ്ധിക്കില്ല. അങ്ങനെ ഭാസ്കരപുരി 'ഭട്ട്വാരി'യായി." കുട്ടികൾ പൊട്ടിച്ചിരിച്ചു.

"ഈ സ്ഥലത്തെപ്പറ്റി ഒരു കഥയുണ്ട്. സൂര്യദേവന്റെ ഒരു പേരാണ് ഭാസ്കരൻ. ഈ സ്ഥലത്തുവെച്ച് സൂര്യദേവൻ ശിവനെ ഭജിച്ചു പ്രീതിപ്പെടുത്തുമെന്നു പ്രതിജ്ഞയെടുത്തു. മറ്റു തീർഥാടനസ്ഥലങ്ങളിലെന്നപോലെ ഇവിടെയും ധ്യാനവും തപസ്സും നടന്നിരുന്നുവെന്നതിനു തെളിവാണത്. വാസ്തവത്തിൽ പുണ്യാത്മാക്കൾ ഇവിടെ ധ്യാനനിരതനായി ജീവിച്ചതു കൊണ്ടാണ് ഈ സ്ഥലങ്ങൾ തീർഥാടനകേന്ദ്രങ്ങളായത്."

പെട്ടെന്ന് മുത്തച്ഛൻ ചൂണ്ടിക്കാണിച്ചുപറഞ്ഞു. "നോക്കൂ. അതാ നമ്മൾ 'ഗംഗ്നാനി'യെ സമീപിക്കുകയാണ്. പഴയകാലത്ത് ആളുകൾ കാൽനടയായി വരുമ്പോൾ 'ഗംഗ്നാനി'യിലെത്തിയാൽ ചൂടുനീരുറവയിൽ മുങ്ങിക്കുളിച്ച് ഗംഗാനദി കടക്കും."

"എന്താണ് ചൂടുനീരുറവ?" ദേവയാനിക്കറിയണം.

"മലകളിൽ ചിലേടത്ത് ഉറവകളിൽ നിന്ന് ചൂടുവെള്ളം ഒഴുകും – അത് ഒഴുകിച്ചേർന്ന് പൊയ്കകളും തടാകങ്ങളും രൂപമെടുക്കും. ചൂടുവെള്ളത്തിൽ കുളിക്കേണ്ടവർക്കു പാകത്തിൽ ചൂടുവെള്ളം ഒഴുകുന്ന ഉറവകൾ. തണുത്ത വെള്ളത്തിൽ കുളിക്കേണ്ടവർക്ക് ഗംഗാനദി. എന്നിട്ടും മുങ്ങിക്കുളിക്കണമെന്ന് ആളുകൾക്കു തോന്നുന്നില്ലെങ്കിൽ, അതവരുടെ നഷ്ടം – പ്രകൃതി വേണ്ടതെല്ലാം നമുക്ക് നൽകിയിട്ടുണ്ട്."

ഗംഗാനദിയിലെത്തി. ആദിത്യൻ ഗംഗയുടെ തീരത്തേക്കു കുതിച്ചു. വേഗത്തിലൊഴുകിക്കൊണ്ടിരിക്കെ, തെളുതെളെ തിളങ്ങുന്ന വെള്ളം.

"മറ്റേ കരയിൽ ഒരു ചൂടുനീരുറവയുണ്ട്, അവിടെയാണ് പരാശരമഹർഷിയുടെ ആശ്രമം." മുത്തച്ഛൻ പറഞ്ഞു. "അതാണ്

വ്യാസമഹർഷിയുടെ ജന്മസ്ഥലമെന്നും കരുതിവരുന്നു. ഇവിടെ വെച്ചാണ് ശന്തനുവും സത്യവതിയും വിവാഹിതരായത്.''

"ആ കഥ എനിക്കറിയാം. സത്യവതിയുടെ അച്ഛൻ പറഞ്ഞു. 'എന്റെ മകളുടെ മകൻ രാജാവാകണം.' പിതാവായ ശാന്തനുവിന്റെ വ്യഥ മനസ്സിലാക്കിയ ഭീഷ്മർ താൻ വിവാഹം ചെയ്യുകയില്ലെന്നു ശപഥം ചെയ്തു."

എന്നിട്ട്, ആദിത്യൻ തന്റെ അറിവുപ്രകടിപ്പിച്ച് മുത്തച്ഛന്റെ മതിപ്പ് വളർത്താമെന്നു നിനച്ച് കഥതുടരുമ്പോൾ, ദേവയാനി ക്ഷമകെട്ട് ഇടയ്ക്കു കേറിപ്പറഞ്ഞു "അക്കരെ എത്ര ചൂടുനീരുറവകളുണ്ട്?"

''രണ്ട്'' മുത്തച്ഛൻ പറഞ്ഞു. ''സൂര്യകുണ്ഡവും വ്യാസകുണ്ഡവും. അവ കണ്ടാൽ നമുക്ക് തോന്നും. 'വരൂ, കുളിച്ചു തളർച്ചതീർക്കൂ' എന്ന് പ്രകൃതി നമ്മെ മാടിവിളിക്കുന്നുവെന്ന്. ഭാഗീരഥിയുടെ തീരത്തുള്ള ആശ്രമങ്ങൾ നിർവൃതികരങ്ങളാണ്. പണ്ടത്തെ ഋഷിമാർ ഈ പ്രദേശങ്ങളിൽ വളരെയേറെ ആശ്രമങ്ങളുണ്ടാക്കി. നമ്മുടെ പൂർവികർ തന്നെയാണവർ. മലകളിൽ ഈ പ്രശാന്തരമണീയ പ്രദേശങ്ങളിൽ ജീവിക്കാനാണവർ ഇഷ്ടപ്പെട്ടത്. ആളുകൾ തിങ്ങിനിറഞ്ഞപ്പോഴാണ് സമതല പ്രദേശങ്ങളിലേക്കു നീങ്ങിത്തുടങ്ങിയത്. ഈ ആശ്രമങ്ങളിലേക്കു വരുമ്പോൾ സ്വന്തം തറവാട്ടിലേക്കു തിരിച്ചെത്തുംപോലെ നമുക്കുതോന്നും."

ദേവയാനിയും ആദിത്യനും യാത്രകൊണ്ട് തളർന്നിരുന്നു. കണ്ണുതാനേ അടഞ്ഞുകൊണ്ടിരുന്നു. ഹരശിലയിലെത്തുമ്പോൾ കിടന്നാൽമതി എന്ന മട്ടിലായിക്കഴിഞ്ഞു. പക്ഷേ, അണ്ടിപ്പരിപ്പും കുറച്ചു ഭക്ഷണവും കഴിച്ചിട്ടേ കിടക്കാവൂ എന്നു മുത്തച്ഛൻ ശഠിച്ചു. "തണുപ്പുള്ളപ്പോൾ വെറുംവയറായി ഉറങ്ങാൻ പാടില്ല" എന്നു മുത്തച്ഛൻ നിർബന്ധിച്ചപ്പോൾ കിട്ടിയതെന്തോ വിഴുങ്ങി കുട്ടികൾ കട്ടിലിൽ വീണു.



മഞ്ഞുകാലം തുടങ്ങിയിരുന്നില്ല. പക്ഷേ രാത്രി ഹരശിലയിൽ ആദ്യത്തെ മഴ പെയ്തു. കൊടുമുടികളിൽ മഞ്ഞും പെയ്തിരുന്നു. രാവിലെ ആദിത്യനുണർന്ന് ജനലിലൂടെ പുറത്ത് നോക്കി. ഉടനെ ദേവയാനിയെ തട്ടിയുണർത്തി പറഞ്ഞു.

"നോക്ക്, കൊടുമുടികൾ മഞ്ഞുതൊപ്പിയണിഞ്ഞിരിക്കുന്നത്!"

ബാലരവിയുടെ പൊൻകിരണങ്ങൾ ഒഴുകിയെത്തുന്നു. ആദിത്യൻ ഒരു ചെമ്മരിയാടിൻപറ്റംകണ്ട് അങ്ങോട്ടോടി. ഇടയ നോട് ഒരാടിനെ തന്റെ കയ്യിൽ വെച്ചുതരാൻ അവൻ അപേക്ഷിച്ചു. ആട്ടിൻകുഞ്ഞിനെ എടുത്തുകൊണ്ട് അവൻ ഇടയനൊപ്പം നടന്നു.

ദേവയാനി സഹോദരന്റെ പിന്നാലെ ഓടിച്ചെന്നു. പക്ഷേ ആട്ടി ടയനെ കണ്ടപ്പോൾ നിന്നു. അവൾ മുത്തച്ഛന്റെ കയ്യിൽ പിടിച്ചു. "ആരാണത് മുത്തച്ഛാ! താടിയും ജടയും കണ്ടിട്ടു പേടിയാവുന്നു."

മുത്തച്ഛൻ വിവരിച്ചു കൊടുത്തു: "അവൻ ഒരു 'ഗാഡ്ഡി'യാണ്. മലയുടെ മുകളിൽ മഞ്ഞുപെയ്തു തുടങ്ങുമ്പോൾ, ആട്ടിൻപറ്റ ത്തെയും കൂട്ടി മലഞ്ചരുവുകളിലേക്കു പോരും. അവയ്ക്കു മേയാൻ സ്ഥലം നോക്കിക്കൊണ്ട്."

"മറ്റുള്ളവരുടെ ആടുകളെ കൊണ്ടുപോരുന്നതെന്തി നാണ്. സ്വന്തം ആടുകളെ മാത്രം പോരേ?"

"അതുകൊണ്ട് അവനു ലാഭമുണ്ട്. അവർ അവന് പ്രതിഫലമായി ആടിനെ യാണ് കൊടുക്കുക. പണമല്ല. അങ്ങനെ അവൻ സ്വന്തമായ ആട്ടിൻപറ്റമുണ്ടാക്കും. മലക ളിൽ ആടുകളാണ് സമ്പത്ത്."

"പക്ഷെ, പണമാണല്ലോ ശരിയായ സ്വത്ത്" – ദേവയാ നിക്കു വിശ്വാസം വന്നില്ല.

"പണംകൊണ്ട് അവ നെന്തു കാട്ടും? പണം കൊടു

ത്താൽ തിന്നാനൊന്നും കിട്ടില്ലെങ്കിൽ പിന്നെ പണത്തിനെന്തു വില? ആടുകളെക്കൊണ്ട് പല ഗുണങ്ങളുമുണ്ട്. കറന്നു പാൽ കുടിക്കാം. രോമം വെട്ടിയെടുത്തു കമ്പിളിക്കുപ്പായമുണ്ടാക്കാം. അവയുടെ തോല് നല്ല കരിമ്പടംപോലെ ഉപയോഗിക്കാം. ആടുകൾ ഇവർക്കെത്രമാത്രം പ്രിയപ്പെട്ടതും വിലപ്പെട്ടതുമാണെന്ന് മനസ്സിലായില്ലേ? അവർ മലമുകളിൽ കൊടുംകാടുകളിൽ പാർക്കുന്നു. നാഗരികതയിൽ നിന്നെത്രയോ അകലെ. അതുകൊണ്ട് അവർക്കു വൃത്തിയും വെടിപ്പും പോരെന്നു നമുക്കു തോന്നും. വെയിലുകൊണ്ട് അലഞ്ഞുതിരിഞ്ഞ് അവരുടെ നിറം കരുവാളിക്കും; തൊലി പരുക്കനാവും. അവർ നാടോടികളാണ് — എപ്പോഴും നീങ്ങിക്കൊണ്ടിരിക്കുന്നവർ. ഒരിടത്തും ഏറെക്കാലം തങ്ങുകയില്ല. പക്ഷേ, അടുത്തുപോയി നോക്കിയാലറിയാം അവർ സൗമ്യശീലരാണ്. കണ്ണുകളിൽ മൃദുലത നിഴലിച്ചുകാണാം. അതാണ് ആദിത്യന് അയാളെ ഇഷ്ടപ്പെട്ടത്."

മുത്തച്ഛൻ പിന്നീട് കുട്ടികളെ ഒരു ആപ്പിൾത്തോട്ടത്തിലേക്ക് കൊണ്ടുപോയി. ചെറിയ ആപ്പിളുകൾ. എന്നാൽ നല്ല മധുരം. നല്ല ചാറുള്ള കഴമ്പ്.

"ഈ തോട്ടം ആരുണ്ടാക്കി?" ദേവയാനിക്കറിയണം.

മുത്തച്ഛൻ പറഞ്ഞു. "വിൽസൻ സായ്വ്. നൂറുകൊല്ലത്തിലേറെ പഴക്കമുള്ള തോട്ടമാണത്. ആദ്യം ആപ്പിൾ തൈകൾ അദ്ദേഹം ഇംഗ്ലണ്ടിൽ നിന്നാണ് വരുത്തിയത്. ആപ്പിൾമരങ്ങൾ തണുപ്പു പ്രദേശങ്ങളിൽ വളരുമെന്നദ്ദേഹത്തിനറിയാമായിരുന്നു. ഇപ്പോൾ നമ്മുടെ നാട്ടിൽ ധാരാളം ആപ്പിൾത്തോട്ടങ്ങൾ ഉണ്ട്. ഒന്നാന്തരം ആപ്പിളുകൾ ഇവിടെ കൃഷിചെയ്യുന്നുണ്ട്."

"വിൽസൻ സായ്വ് വേറെ എന്തെങ്കിലും കൊണ്ടുവന്നുവോ?" – ദേവയാനി അന്വേഷിച്ചു.

മുത്തച്ഛൻ ഒരു കള്ളച്ചിരി ചിരിച്ചു. "ഉവ്വ്, അയാൾ മറ്റൊന്നും കൂടി കൊണ്ടുവന്നു. നിനക്കു ചപ്പാത്തി തിന്നാൻ അതില്ലാതെ പറ്റില്ല."

"ഉരുളക്കിഴങ്ങ്!" ആദിത്യനു പെട്ടെന്നു മനസ്സിലായി.

"അതുതന്നെ." മുത്തച്ഛൻ പറഞ്ഞു.

"ഉരുളക്കിഴങ്ങുകൃഷിക്ക് ചില പ്രത്യേകതകളുണ്ട്." ആദിത്യൻ തന്റെ അറിവു പ്രകടമാക്കി. "ആദ്യം ചാലുകീറി മണ്ണുനിറയ്ക്കണം. പിന്നെ ചെടിനടണം. ഗോതമ്പോ അതുപോലത്തെ ചെടികളോ നടുമ്പോലെ ഉരുളക്കിഴങ്ങുചെടി നട്ടുകൂടാ."

"ഇങ്ങനെയാണെങ്കിൽ വിൽസൻസായ്‌വ് അത്ര മോശക്കാര ല്ലല്ലോ. ഞാൻ വിചാരിച്ചത് അയാൾക്കു പക്ഷിവേട്ടയായിരുന്നു മുഖ്യ തൊഴിലെന്നാണ്" ദേവയാനി പറഞ്ഞു.

"അല്ല. അയാളുടെ പ്രായോഗികവിജ്ഞാനംകൊണ്ട് പർവത നിവാസികൾക്ക് വേറെയും പ്രയോജനം ഉണ്ടായിട്ടുണ്ട്."

"എന്താണ്?" കുട്ടികൾ ആരാഞ്ഞു.

"ബസ്സിൽ പോരുമ്പോൾ നിങ്ങൾ ഗംഗാനദിയിൽ എന്തെങ്കിലും പൊങ്ങിക്കിടക്കുന്നത് കണ്ടുവോ?"

"മരത്തടികളല്ലേ? അതും അയാളുടെ കണ്ടുപിടുത്തമാണോ?"

"അതേ, മലമുകളിൽ നിന്ന് മരത്തടികൾ താഴ്‌വരകളിലെത്തി ക്കാൻ അയാൾ എത്ര എളുപ്പവഴിയാണ് കണ്ടെത്തിയത്. മുൻ കാലത്ത് അവ ആളുകൾ ചുമന്നുകൊണ്ടുവരികയായിരുന്നു. പുഴകളിലൂടെ ഒഴുക്കാൻ തുടങ്ങിയപ്പോൾ എളുപ്പമായി. അവ താഴ് വരകളിലെത്തുമ്പോഴേക്ക് വേണ്ടവിധം പാകപ്പെട്ടു കഴിഞ്ഞിട്ടു മുണ്ടാകും."

"പിന്നെ എന്തൊക്കെ ചെയ്തു അദ്ദേഹം, മുത്തച്ഛാ?"

"നിങ്ങൾ തൂക്കുപാലം കണ്ടിട്ടുണ്ടോ? രണ്ടു മലകളുടെ ഇടുക്കിൽ കയർ കെട്ടുന്നു. കയറുകളിൽ മരപ്പലകകൾ തൊട്ടു

തൊട്ടു കൂട്ടികെട്ടിയിരിക്കും. കാൽവെക്കുമ്പോൾ മരപ്പലക ആടുമെങ്കിലും കുറച്ചു പരിശീലനം കിട്ടിയാൽ ഈ തൂക്കുപാല ത്തിലൂടെ നടന്നുപോകാം." കുട്ടികൾ കയ്യടിച്ചു ചിരിച്ചു. "അതു നല്ല രസമായിരിക്കും!"

"ആളുകൾക്ക് ഈ പാലങ്ങളിലൂടെ നടക്കാൻ ആദ്യം വലിയ പേടിയായിരുന്നു. വിൽസൻസായ്‌വ് അവർക്കു ധൈര്യംകൊടുക്കാ നൊരു വഴികണ്ടെത്തി. മലകളിൽ കുതിരകളെ ചുമടുചുമപ്പിക്കാൻ ധാരാളമായി ഉപയോഗിക്കാറുണ്ട്. അവയ്ക്ക് നന്നായി ഉറപ്പിച്ചു ചവിട്ടി നിൽക്കാനും കുത്തനെയുള്ള കയറ്റിറക്കങ്ങളിൽ അടി

തെറ്റാതെ നീങ്ങാനും കഴിയും. വിൽസൻ സായ്‌വ് കുതിരപ്പുറത്തു കയറി പാലത്തിലൂടെ അങ്ങോട്ടും ഇങ്ങോട്ടും പലതവണ കടന്നു. ആടിക്കൊണ്ടിരിക്കുന്ന പാലത്തിലൂടെ കൂസൽകൂടാതെ കുതിരപ്പുറത്തിരുന്നുമുന്നേറുന്ന വിൽസനെക്കണ്ട് ആളുകൾക്ക് പേടി തീർന്നു."

കുട്ടികൾക്ക് കഥ കേട്ട് നല്ല രസമായി. "കേട്ടിട്ടു തോന്നുന്നു, ഈ വിൽസൻ സായ്‌വ് നല്ല രസികനാണെന്ന്" അവർക്ക് ഒരേ അഭിപ്രായമായിരുന്നു.

"ഈ പ്രദേശങ്ങളിൽ ആ തൂക്കുപാലങ്ങൾ ഇപ്പോഴും ഉപയോഗിച്ചുവരുന്നു." മുത്തച്ഛൻ കൂട്ടിച്ചേർത്തു.

"വിൽസൻ സായ്‌വ് ഇംഗ്ലീഷുകാരനാണോ?" ആദിത്യന്റെ സംശയം.

"അദ്ദേഹം ഈസ്റ്റിന്ത്യാ കമ്പനിക്കുവേണ്ടി പണിയെടുത്ത ആളാണ്. ഈ പ്രദേശങ്ങൾ വളരെ ഇഷ്ടപ്പെട്ടതിനാൽ ഇവിടെ താമസമുറപ്പിച്ചു. 'മുഖ്ബ' എന്ന ഗ്രാമത്തിൽ നിന്ന് ഒരു നാട്ടുകാരി പെൺകുട്ടിയെ കല്യാണംകഴിക്കുകയും ചെയ്തു. ഈ വനപ്രദേശത്തെ വിശ്രമഗൃഹങ്ങളെല്ലാം അദ്ദേഹം പണിയിച്ചവയാണ്. വ്യാപാരകാര്യങ്ങൾക്കായി ധാരാളം സഞ്ചരിച്ചിരുന്ന അദ്ദേഹത്തിന് ഇവിടങ്ങളിലൊക്കെ താവളങ്ങൾ വേണ്ടിയിരുന്നു. ഈ വിശ്രമത്താവളങ്ങൾ എല്ലാം പ്രകൃതിസുന്ദരമായ സ്ഥലങ്ങളിലാണ് അദ്ദേഹം പണിയിച്ചത്."

വിശ്രമത്താവളം അടുത്തപ്പോൾ മുത്തച്ഛൻ നിന്നു. "ഈ ബംഗ്ലാവു 1864–ൽ പണിയിച്ചതാണെന്നു കാണിക്കുന്ന ഒരു ഫലകം അവിടെയുണ്ട്. അപ്പോൾ അതിനു വയസ്സെത്ര? വേഗം കണക്കുകൂട്ടി പറയൂ?"

പക്ഷേ ആദിത്യൻ മറ്റുചിലതാണ് ഓർത്തിരുന്നത്. "മുത്തച്ഛാ! മുഖ്ബാ ഗ്രാമം എവിടെയാണ്."

"അത് ഏറ്റവും ഉയരത്തിലുള്ള ഒടുക്കത്തെ ഗ്രാമം. ഗംഗോത്രിയിലെ പുരോഹിതന്മാർ അവിടെ താമസിക്കുന്നു. ഗംഗോത്രിയിൽ മഞ്ഞു കുമിഞ്ഞാൽ അവിടെയാണ് ഗംഗാപൂജ നടത്തുക. അതിന്റെ മൂലനാമം 'മുഖിമത്ത്' എന്നാണ്. പണ്ടുപണ്ട് മതംഗ മഹർഷിയും മാർക്കണ്ഡേയനും അവിടെയായിരുന്നത്രേ തപസ്സനുഷ്ഠിച്ചത്."

ആദിത്യൻ ചോദിച്ചു. "മുത്തച്ഛാ! ഗംഗയെ അവിടെ പൂജിക്കുന്നതെങ്ങനെ? അമ്പലം ഇവിടെയല്ലേ?"

മുത്തച്ഛൻ വിവരിച്ചുകൊടുത്തു: "ദീപാവലിനാൾ ഗംഗയുടെ വിഗ്രഹം പല്ലക്കിൽവച്ച് മുഖ്ബയിലേക്ക് എഴുന്നള്ളിച്ചുകൊണ്ടുപോകും. ആ സമയത്ത് മഞ്ഞുപെയ്ത്ത് തുടങ്ങിയിട്ടുണ്ടാവില്ല.



വിൽസൻ സായ്‌വ്

എഴുന്നെള്ളിച്ചുകൊണ്ടുപോകുന്നത് വധുവിനെ പിതൃഗൃഹത്തിൽ നിന്ന് ഇറക്കിക്കൊണ്ടുപോകുംപോലെയാണ്. പ്രഭാതം മുതൽക്കു തന്നെ ആളുകൾ തടിച്ചുകൂടും. എല്ലാവരും കണ്ണീരോടെയാണ് ദേവിയെ യാത്രയാക്കുക. 'വേഗം തിരിച്ചുവരണേ' എന്നു പ്രാർഥിക്കുകയും ചെയ്യും. വളരെ ദൂരം അവർ പല്ലക്കിനെ അനുഗമിക്കും."

മുത്തച്ഛൻ തുടർന്നു. "പഴയകാലത്ത് മുഖ്ബ തിരക്കേറിയ ഒരു പട്ടണമായിരുന്നു. അന്നത്തെ അതിന്റെ മട്ട് നിങ്ങൾക്കൊക്കെ

ഇഷ്ടപ്പെടും. ഹരശിലയായിരുന്നു മുഖ്ബയിലേക്കുള്ള കവാടം. വിലപിടിച്ച രത്നങ്ങൾ, കമ്പിളിപ്പുതപ്പുകൾ, പരവതാനികൾ, ഷാളുകൾ മുതലായവയായിരുന്നു വ്യാപാര സാധനങ്ങൾ. പരവതാനികൾ വർണശബളമായിരുന്നു. രോമം ഇറക്കുമതി ചെയ്ത് തുണിയായി നെയ്തെടുത്തു കച്ചവടം ചെയ്തിരുന്നു നാട്ടുകാർ. തിബത്തിലേക്കുള്ള വ്യാപാരമാർഗവും ഇതിലേയായിരുന്നു."

"മുത്തച്ഛാ! എനിക്ക് ഇവിടെ കിട്ടുന്ന കുറെ രത്നങ്ങളും മുത്തുകളും വാങ്ങിത്തരൂ!" ദേവയാനി പറഞ്ഞു.

പിറ്റേന്നു പ്രഭാതത്തിൽ അവർ ഗംഗോത്രിയിലേക്കു പുറപ്പെട്ടു. ഇതുവരെയുള്ള യാത്രയിൽ കണ്ടത് ഗംഗാനദിയാണെങ്കിൽ ഇനി കാണുന്ന ഭാഗത്തിന്റെ പേര് ജാഹ്നവി എന്നാണെന്ന് മുത്തച്ഛൻ പറഞ്ഞു.

"ഈ ഭാഗത്തിന് ജാഹ്നവി എന്ന പേരു വന്നതിനെക്കുറിച്ച് പുരാണങ്ങളിലൊരു കഥയുണ്ട്. അതു ജഹ്നുമഹർഷിയുടെ ആശ്രമത്തോടു ബന്ധപ്പെട്ടതാണ്."

"ഗംഗാനദി ഒഴുകിയൊഴുകി ജഹ്നുമഹർഷിയുടെ ആശ്രമ പ്രദേശത്തേക്കു നീങ്ങിയത്രേ. അന്തേവാസികളെല്ലാം ഭയന്നു. പക്ഷേ, മഹർഷി വെള്ളം മുഴുവൻ കുടിച്ചു. പിന്നീടു തുടയിലൂടെയാണ് പുറത്തുവിട്ടതെന്നാണു കഥ. അങ്ങനെയാ

ണത്രെ ഗംഗയെ ജാഹ്നവി എന്നു വിളിക്കാൻ തുടങ്ങിയത്. ഈ സ്ഥലത്തിനിപ്പോൾ പേര് ജംഗ്ലാ എന്നാണ്.”

“ഇതൊരു വെറും കഥ മാത്രമാണല്ലോ. സത്യമെന്താണ് മുത്തച്ഛാ? മഹർഷി വാസ്തവത്തിൽ ഗംഗയെ ഉൾക്കൊണ്ടിരിക്കുമോ?” ആദിത്യന് വിശ്വാസമായില്ല.

“പക്ഷേ, ആദിത്യാ, ഞാൻ അന്നവിടെ ഉണ്ടായിരുന്നില്ലല്ലോ. ഏതായാലും ജഹ്നു മഹർഷിയുടെ ആശ്രമമുണ്ടായിരുന്ന മലയുടെ കീഴ്ഭാഗത്തുകൂടിയാണ് ഈ നദി ഇപ്പോൾ ഒഴുകുന്നതെന്നതിന് സംശയമില്ല. ഒന്നുകിൽ മലയിലുണ്ടായ വിള്ളലിൽക്കൂടിയോ അല്ലെങ്കിൽ നദിയിൽ പെട്ടെന്നു വെള്ളപ്പൊക്കമുണ്ടായിട്ടോ, ഗംഗ ആശ്രമപ്രദേശത്തേക്ക് കവിഞ്ഞൊഴുകിയിട്ടുണ്ടാവാം. മഹർഷി മലയുടെ ഒരു ഭാഗം വെട്ടിമാറ്റി വിടവുണ്ടാക്കി

അതിലൂടെ ഒഴുക്കിന്റെ ഗതിമാറ്റിയിരിക്കണം. ഗംഗോത്രിയുടെ നേരെ ഒഴുകി ആ കൈവഴി ഗംഗയിൽതന്നെ ചെന്നു ചാടുകയും ആശ്രമം രക്ഷപ്പെടുകയും ചെയ്തിരിക്കാം."

"എങ്കിലും, മുത്തച്ഛാ! കഥയിൽ ജഹ്നുമഹർഷിയുടെ തുടയിൽ നിന്ന് പുഴ പുറത്തുചാടിയെന്നു പറയുന്നതിന്റെ അർഥം എന്താ യിരിക്കാം?" ആദിത്യൻ കഥയുടെ വ്യംഗ്യം അന്വേഷിച്ചു.

"പറഞ്ഞുതരാം. ആശ്രമത്തെ നാം ഒരു വ്യക്തിയായി സങ്കൽപ്പിക്കുക. അപ്പോൾ അതിന്റെ മേൽഭാഗം തലയായിരിക്കും. മധ്യം അര. കീഴ്ഭാഗം തുട. ഒഴുക്കിന്റെ ഗതി മാറ്റിയത് കീഴ് ഭാഗത്തായതുകൊണ്ട് തുടയിൽ നിന്ന് ഒഴുകി എന്ന് കഥയുണ്ടായി. നോക്കൂ, മലയുടെ അടിവാരത്തിലുള്ള പ്രധാന നദിയിലേക്ക് ഈ അരുവി കുതിച്ചു ചാടി, പതഞ്ഞൊഴുകിയെത്തുന്നത്. വാസ്ത വത്തിൽ ഈ ഭാഗം മാത്രമേ ജാഹ്നവിയാവുള്ളൂ. എങ്കിലും ഇപ്പോൾ അത് ഗംഗാനദിയുടെ ഒരു പര്യായമായിക്കഴിഞ്ഞിരിക്കുന്നു."

വെള്ളത്തിലൂടെ ഒഴുകുന്ന മരക്കമ്പുകളെ പിടിച്ചെടുക്കുവാൻ ദേവയാനി തുനിഞ്ഞു.

"സൂക്ഷിക്കണേ, കാൽ വഴുക്കി വീണു പോകും." മുത്തച്ഛൻ തടഞ്ഞിട്ടും കൂട്ടാക്കാതെ ദേവയാനി ഒരെണ്ണം പിടിച്ചെടുത്തു കൊണ്ടു ചോദിച്ചു. "എങ്ങനെയാണിവ ജാഹ്നവിയിലെത്തുന്നത്? ഹാ... എന്തു നല്ല മണം!"

"അതെ, അത് 'പദ്മ'യുടെയാണ്. നല്ല പരിമളമുള്ള മരം." മുത്തച്ഛൻ പറഞ്ഞു.

"ഈ കഷണത്തിന് ഒരു പക്ഷിയുടെ ആകൃതിയില്ലേ? ഞാനിതു വീട്ടിലേക്കു കൊണ്ടുപോകയാണ്. ജാഹ്നവിയിൽ നിന്നു ഞാൻ പിടിച്ചെടുത്തതാണെന്ന് എക്കാലത്തും ഓർക്കാമല്ലോ."

കുറച്ചുകൂടി ദൂരം പിന്നിട്ടു. ദേവയാനി ആദിത്യനെ തോണ്ടി പ്പറഞ്ഞു "അതാ തൂക്കുപാലം. ആ ഇടുക്കിലൂടെ നദി എന്തു ശക്തിയിലാണ് കുതിച്ചു പായുന്നതെന്നു നോക്കൂ. ഞാനില്ല പാല

ത്തിൽ കയറാൻ."

"ഞാൻ കയറും" ആദിത്യൻ പ്രഖ്യാപിച്ചു. "നിന്നെപ്പോലുള്ളവർ കാരണമാണ് വിൽസൻ സായ്‌വ് കുതിരപ്പുറത്തു സവാരി ചെയ്ത് കാട്ടിക്കൊടുത്തത്. തൂക്കുപാലത്തിൽ കയറുകയില്ലെങ്കിൽ അങ്ങേക്കരയ്ക്കെത്തുന്നതെങ്ങനെ? എവിടെയും സാധാരണ പാലം തന്നെ വേണമെന്നുവച്ചാൽ കിട്ടുമോ?"

"മുത്തച്ഛാ! നോക്കൂ. മരത്തിന്മേൽ ചില ടിന്നുകൾ തൂങ്ങിക്കിടക്കുന്നു. അവയെന്താണ്?" ദേവയാനി വിഷയം മാറ്റി.

"ഇവ ചീർ പൈൻമരങ്ങളാണ്. ഇവയിൽ നിന്നാണ് 'റെസീൻ' എടുക്കുന്നത്. മരത്തിന്റെ തടിയിൽ കൊത്തിയാൽ ഒഴുകുന്ന കറയാണ് റെസീൻ. വിടവിൽ നിന്ന് ഒഴുകുന്ന കറ ശേഖരിക്കാൻ ടിന്നുകൾ കെട്ടിത്തൂക്കിയിടുന്നു. കുറേശ്ശെ വീഴുന്ന കറ ടിന്നിൽ നിറഞ്ഞാൽ

എടുത്ത് ഒരു വീപ്പയിൽ ശേഖരിക്കും. റെസീൻ വളരെ ഉപയോഗമുള്ള സാധനമാണ്. പെയ്ന്റ് ഉണ്ടാക്കാൻ ഉതകുന്നു. ഈ പണി തുടങ്ങിവെച്ചതും വിൽസൺ സായ്വ് തന്നെ."

പണ്ടു കണ്ടിട്ടില്ലാത്ത മട്ടിലുള്ള പലതും കുട്ടികൾ കണ്ടു.

ആദിത്യൻ പറഞ്ഞു: "കണ്ടില്ലേ, മലയുടെ വശങ്ങളിൽ വെട്ടി നിരത്തിയാണ് വയലുണ്ടാക്കിയിരിക്കുന്നത്, തട്ടുകളാക്കിയിട്ട്. ഇവിടെക്കാണുന്ന ധാന്യച്ചെടികൾ എന്തെല്ലാമാണ് മുത്തച്ഛാ?"

"നെല്ല്, എള്ള്, രാംദാന, ചോളം" മുത്തച്ഛൻ വിവരിച്ചു.

"ഗംഗോത്രിയിലേക്കുള്ള നിരത്തിന് വീതിയുണ്ട്. എനിക്കിഷ്ടമായി ഈ സ്ഥലവും മരങ്ങളും.... നോക്കൂ പ്രാവുകൾ, പ്രാവുകൾ!" ദേവയാനി കൈകൊട്ടിത്തുള്ളിയാർത്തു.

ആദിത്യൻ മേൽപ്പോട്ടു നോക്കി. ഒരു കൂട്ടം പ്രാവുകൾ മരങ്ങൾക്കു മുകളിൽ വട്ടം ചുറ്റുകയാണ്. കുട്ടികൾക്ക് കൗതുകം തോന്നി.

"ഈ മരം എന്താണ് മുത്തച്ഛാ?" ദേവയാനി ചോദിച്ചു.

"അവ 'ദേവദാരു'വാണ്. മലകളിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങളിൽ മാത്രമേ അവ വളരൂ."

"ഈ മരങ്ങൾക്ക് എന്നോടെന്തോ പറയാനുള്ളതുപോലെയാണെനിക്കു തോന്നുന്നത്. ഇതാണെന്റെ നാടെന്നു തോന്നിപ്പോവുന്നു മുത്തച്ഛാ!"

"എനിക്കും തോന്നുന്നു അങ്ങനെ. പ്രകൃതി നമ്മുടെ ഹൃദയത്തോടടുത്തു നിൽക്കുന്നു. എനിക്കു തോന്നിപ്പോവുകയാണ് ഞാൻ ഒരു കവിപോലുമാണെന്ന്. മരങ്ങൾ, പക്ഷികൾ, പാറകൾ – എല്ലാം സ്നേഹിതരെപ്പോലെ. അവർ ഹൃദയത്തിന്റെ ഭാഷ സംസാരിക്കുന്നു."

"മുത്തച്ഛാ, മുത്തച്ഛൻ ശരിക്കുമൊരു കവിയായിരിക്കുന്നു." ആദിത്യൻ പറഞ്ഞു.

ഓരോന്നങ്ങനെ സംസാരിച്ചുകൊണ്ട് അവർ ഗംഗോത്രിയിലേക്കുള്ള വഴി പിന്നിട്ടു.

"മുമ്പിലുള്ള ദേവദാരുവിന്റെ കൊമ്പുകണ്ടോ? ഇക്കൊല്ലം തന്നെ അതു പൊട്ടിവീഴും" മുത്തച്ഛൻ പറഞ്ഞു.

"ശരിയാണ്. അതുതന്നെ കീഴ്പോട്ടു വളഞ്ഞിരിക്കുന്നു. മഞ്ഞുപെയ്താൽ കുമിഞ്ഞുകൂടുന്ന മഞ്ഞിന്റെ ഭാരംകൊണ്ട് അത് ഒടിയും അല്ലേ?" ആദിത്യൻ.

"ഇവിടെ മരങ്ങൾക്കൊക്കെ എന്തു ഭംഗി! ഒരൊറ്റക്കൊമ്പു പോലും ഒടിയുന്നതെനിക്കോർക്കാൻ വയ്യ. ഇതാ ഈ കാണുന്ന മരമേതാണ് മുത്തച്ഛാ?" ദേവയാനി ചോദിച്ചു.

"അതിന്റെ പേര് 'ഗൈദു' എന്ന്. ഈ പ്രദേശത്തെ ആൽമരം എന്നുപറയാം. ഇതിനേയും പൂജിക്കാറുണ്ട്. ആലിലപോലെയാണിതിന്റെ ഇലകളും. പക്ഷേ, തടിക്ക് ആൽമരത്തിന്റെയത്ര വണ്ണമില്ല. കല്ലുപോലെ ഉറച്ച മണ്ണിൽ വളരുന്നതുകൊണ്ടാണ്. നമുക്കു വേഗം പോണം. സൂര്യൻ നേരത്തെ അസ്തമിക്കും. പിന്നെ നല്ല തണുപ്പായിരിക്കും. ഇതാ ഈ മരപ്പാലം കെട്ടിയിരിക്കുന്നത് ഭാഗീരഥി നദിക്കു മുകളിലാണ്. ഇതു കടന്നിട്ടു വേണം നമ്മുടെ വിശ്രമത്താവളത്തിലെത്താൻ."

പാലം കടക്കുമ്പോൾ കുട്ടികളത്ഭുതപ്പെട്ടു. "ഭാഗീരഥിയുടെ ഒഴുക്കിനെന്തുവേഗമാണ്! അതിന്റെ നുരകൾ തെറിച്ചിങ്ങോട്ടെത്തുന്നു!"

* * *

രാത്രിയായി. കുട്ടികളിരുവരും ഉറക്കം തൂങ്ങിത്തുടങ്ങി. എങ്കിലും പ്രഭാതത്തെക്കുറിച്ചാണ് ചിന്ത. ഗംഗോത്രി കാണാൻ തിടുക്കം.

വെളുപ്പിനേ ചൗക്കിദാർ എഴുന്നേറ്റ് തീകൂട്ടി. പക്ഷേ കുട്ടികൾക്ക് മുറിക്കു പുറത്തിറങ്ങാൻ വയ്യ. അത്ര തണുപ്പ്. ജനലുകൾ

മഞ്ഞുകൊണ്ടു മൂടിയിരിക്കുന്നു. സൂര്യനുദിച്ചുയരുന്നതുവരെ കാത്തിരിക്കുകതന്നെ. ഉദിച്ചുയരുന്ന സൂര്യനെ കണ്ടപ്പോൾ ഏറെ കാലമായി കാത്തിരുന്ന ചങ്ങാതിയെ കണ്ടപോലെ അവർ പുറത്തുചാടി. എന്തൊരു കാന്തിമയമായ കാഴ്ചയാണത്! നല്ല തെളിഞ്ഞ നീലാകാശം. അന്തസ്സോടെ തലയുയർത്തിനിൽക്കുന്ന ദേവദാരു കദംബം. "പാറമേൽ തട്ടി പളുങ്കിൻമണി ചിന്നിച്ച് സൗമ്യമായ ആരവമോടെ പായുന്ന" ഭാഗീരഥി. കാവിയുടുത്ത സന്യാസിമാർ. ദേവയാനിയുടെ കൈപിടിച്ച് ആദിത്യൻ പറഞ്ഞു "ഈ വഴിക്കു പോകാം. ആ ചെറിയ വീടു നോക്ക്, അതു കല്ലു കൊണ്ടു പടുത്തതാണ്."

"അത് വീടല്ല," ദേവയാനി പറഞ്ഞു "അതൊരു ഗുഹയാണ്." അവർ ഉള്ളിൽ കടന്നു. ആരുമുണ്ടാവില്ലെന്നാണ് വിചാരിച്ചിരുന്നത്. എന്നാൽ അവിടെ ഒരു സന്യാസിയിരിക്കുന്നു. മുമ്പിൽ

ഒരു ചെറിയ നെരിപ്പോടിൽ കത്തുന്ന കനൽ. ദേവയാനി നടത്തം നിർത്തി. ആദിത്യനാകട്ടെ മുന്നോട്ടുപോയി അദ്ദേഹത്തെ വന്ദിച്ച് അടുത്തിരുന്നു. സന്യാസി അവരെ അനുഗ്രഹിച്ചു. കുറച്ച് ഉണങ്ങിയ പഴം കൊടുത്തു. ആദിത്യന്റെ സങ്കോചം മാഞ്ഞു. അവൻ ചോദിച്ചു: "സ്വാമി, ഒന്നും പുതച്ചിട്ടില്ലല്ലോ. തണുപ്പു തോന്നുന്നില്ലേ? ഇവിടെ താമസിക്കാൻ പേടിയില്ലേ?"

ചോദ്യങ്ങൾ തുടരുംമുമ്പെ സന്യാസി പറഞ്ഞു: "ഞാൻ എന്നും ഇങ്ങനെ കഴിയുന്നു. മഞ്ഞുപെയ്യുമ്പോഴും ഇവിടെത്തന്നെ. ഈ ചെറിയ നെരിപ്പോടുണ്ട്. പിന്നെ, പേടിക്കാനെന്താണുള്ളത് — ഈശ്വരൻ എവിടെയുമുണ്ടല്ലോ?"

ആദിത്യന് നല്ലപോലെ മനസ്സിലായില്ല. സന്യാസി വീണ്ടും പറഞ്ഞു.

"ഭഗവാൻ എന്റെ കൂടെയുണ്ട്."

അമ്പരന്നുകൊണ്ട് കുട്ടികൾ അന്യോന്യം നോക്കി. ആദിത്യൻ

വെമ്പലോടെ ചോദിച്ചു. “ഭഗവാൻ കൂടെ താമസിക്കുന്നുണ്ടോ?” അപ്പോഴേക്കും മുത്തച്ഛന്റെ വിളികേട്ടു. സന്യാസിയോട് വിട പറഞ്ഞ് അവർ പുറത്തേക്കോടി. മുത്തച്ഛൻ ചോദിച്ചു. “ഏതു ഗുഹയിലേക്കാണൊളിച്ചോടിയത്? ഇവിടെ എല്ലാ ഗുഹയിലും കാണും ഓരോ സന്യാസി. ഇതു സന്യാസിമാരുടെ നാടാണ്.”

അദ്ദേഹം അവരെ ഗംഗോത്രിയിലേക്കു കൊണ്ടുപോയി.

“ഗംഗയുടെ തീരത്ത് വെളുത്ത പാറ കണ്ടില്ലേ? അതിന്റെ പേര് ഭഗീരഥശിലയെന്നാണ്. ഭഗീരഥൻ അതിന്മേലിരുന്നാണ് തപസ്സു ചെയ്തത്.”

“എന്താണ് തപസ്സ്?”

“തപസ്സ് എന്നാൽ മനസ്സ് ഏകാഗ്രമാക്കി ധ്യാനിക്കൽ. ഏകാഗ്രതയുണ്ടെങ്കിൽ, ചുറ്റുമുള്ളതിലൊന്നും മനസ്സു ചെല്ലില്ല. ശാസ്ത്രീയകണ്ടുപിടുത്തങ്ങളെല്ലാം ഇതുപോലുള്ള ഏകാഗ്ര ധ്യാനത്തിന്റെ ഫലമായാണ്. ഭഗീരഥന്റെ തപസ്സ് ഏകാഗ്രമായ സ്ഥിരപ്രയത്നത്തിന്റെ പര്യായമായിത്തീർന്നിരിക്കുന്നു. മാനസികവും ശാരീരികവുമായ എല്ലാ ശക്തികളും സംയോജിപ്പിച്ചുള്ള ആ സ്ഥിരോത്സാഹത്തെ ‘ഭഗീരഥപ്രയത്നം’ എന്ന് വിശേഷിപ്പിക്കുന്നു.”

ദേവയാനി ഗംഗാനദീജലത്തിൽ കൈമുക്കി. “ഓ! വെള്ളം ഐസുപോലെ. മുത്തച്ഛാ, നദിക്ക് ഇവിടെ നല്ല വീതിയുമുണ്ട്. ഇല്ലേ!”

“ഒരു കാലത്ത് ജയ്പൂർ, ഗ്വാളിയോർ, ഇൻഡോർ, തെഹ്രി മുതലായ പ്രവിശ്യകളുടെ വകയായി, ഗംഗയിൽ സ്നാന ഘട്ടങ്ങളുണ്ടായിരുന്നു. ഒരു കൊല്ലം ദേവനദിയിൽ വെള്ളപ്പൊക്കമുണ്ടായപ്പോൾ ആ സ്നാനഘട്ടങ്ങളൊക്കെ ഒഴുകിപ്പോയി. ക്ഷേത്രത്തിനും വലിയ നാശം പറ്റി. പുതുക്കിപ്പണിയേണ്ടിവന്നു.”

“ഇവിടെയും വെള്ളപ്പൊക്കമുണ്ടാകുമോ മുത്തച്ഛാ?” ആദിത്യൻ ചോദിച്ചു.

“ചിലപ്പോൾ പേമാരികൊണ്ടും ചിലപ്പോൾ ഹിമപ്രപാതം കൊണ്ടും വെള്ളപ്പൊക്കമുണ്ടാവാം.”

“എന്താ മുത്തച്ഛാ ഹിമപ്രപാതം?”

“അത് ഹിമപ്രവാഹം തന്നെ.”

“മുത്തച്ഛാ, ഗംഗയുടെ ഉത്പത്തിസ്ഥാനം എവിടെയാണ്? ഭഗീരഥൻ ഗംഗയെ ഇവിടെ നിന്നാണൊഴുക്കിയത് എന്നല്ലേ പറഞ്ഞത്?” ദേവയാനി ചോദിച്ചു.

“ഭഗീരഥൻ ഗംഗയെ ഇവിടെനിന്ന് ഒഴുക്കിയെന്ന് പുരാണകഥയിൽ പറയുന്നെങ്കിലും ആളുകൾ പറയുന്നത് ഉത്പത്തി സ്ഥാനം, പിന്നോട്ടു നീങ്ങുന്നുണ്ടെന്നാണ്. ഇപ്പോഴത് പന്ത്രണ്ടു നാഴിക അകലെ ‘ഗൗമുഖ’ത്താണ്. എന്നാൽ ‘ഗൗമുഖ’ത്തെത്തിയാൽ തോന്നും, അത് വേറെ എവിടെനിന്നോ ഒഴുകിവരുന്നതാണെന്ന്.”

“മുത്തച്ഛാ, ഭഗീരഥന്റെ തപസ്സിനെപ്പറ്റി പറഞ്ഞുതരൂ.”

“ആ കഥ രാത്രി പറഞ്ഞുതരാം. കേട്ടില്ലേ! അമ്പലത്തിൽ നിന്നുള്ള മണിയടിയും ശംഖുവിളിയും? അവിടെ ഒരുപാടു സന്ന്യാസിമാരും ഋഷിമാരും ഉണ്ടാവും. അവരെല്ലാം ദീപാരാധനയ്ക്കെത്താറുണ്ട്.”

മുത്തച്ഛൻ തുടർന്നു പറഞ്ഞു “പത്തൊമ്പതാം നൂറ്റാണ്ടിൽ ജനറൽ അമർസിങ് ഥാപയാണ് ഈ അമ്പലം പണിതത്. മുമ്പെ ഇവിടെയുണ്ടായിരുന്നത് ഒരു മരക്കോവിലായിരുന്നു. അമ്പലത്തിൽ അക്കാലത്തെ ഒരു ചെപ്പേട് ലിഖിതമുണ്ട്.”

“എന്താണ് ചെപ്പേട് ലിഖിതം?” ആദിത്യൻ ചോദിച്ചു.

“നീ തന്നെ പറയൂ. ചെപ്പേട് — ചെമ്പുകൊണ്ടുള്ള ഏട്. ചെമ്പ് എന്തെന്നറിഞ്ഞുകൂടേ?”

“ഉവ്വ്”

“എന്താണ് ലിഖിതം?”

“എഴുതിവെച്ചതുതന്നെ”— ദേവയാനിയുടെ ഉത്തരം.

“ഇപ്പോ മനസ്സിലായി. ചെപ്പേടു ലിഖിതമെന്നാൽ ചെമ്പു

കൊണ്ടുണ്ടാക്കിയ ഏടിൽ കുറിച്ചുവെച്ച വാക്കുകൾ. മുത്തച്ഛാ! ലിഖിതത്തിലെന്താണ് പറയുന്നത്?" ആദിത്യൻ ജിജ്ഞാസുവായി.

"ഞാനതു വായിച്ചിട്ടില്ല. പക്ഷെ ചുരുക്കത്തിൽ ഇതാണ്. ഞങ്ങളെ ആദരിക്കുക. വിഗ്രഹം അമ്പലത്തിൽ കാത്തുസൂക്ഷിച്ച് ആരാധിക്കുക."

"ഞങ്ങളെ ആദരിക്കുകയോ? അതെന്ത്? ഇവിടെ ഗംഗയെ മാത്രമല്ലെ പൂജിക്കുക?"— ആദിത്യൻ.

"തികച്ചും ശരി. കാര്യമെന്തെന്നോ? കുറച്ചുകാലം ഗംഗോത്രി ഗൂർഖകളുടെ ഭരണത്തിൽ കീഴിലായിരുന്നു. അതുകൊണ്ടാണ് ജേതാവായ ഗൂർഖരാജാവ് ഞങ്ങളെ ആദരിക്കുക എന്ന് ശാസനം പുറപ്പെടുവിച്ചത്."



"ഭക്തന്മാർ എന്താണ് പാടുന്നത്?" ദേവയാനി ചോദിച്ചു.

"അവർ ഗംഗയെ സ്തുതിക്കുകയാണ്. മനോഹരമായ ആ ഗംഗാസ്തോത്രം ശ്രദ്ധിച്ചു കേട്ടോളൂ." മുത്തച്ഛൻ പറഞ്ഞു.

ഗംഗാക്ഷേത്രം ഒതുക്കവും വൃത്തിയുമുള്ള നല്ലൊരു കെട്ടിടമാണ്. വളരെ വലുതല്ല. നന്നെ ചെറുതുമല്ല. ധവള ഭിത്തികളുള്ള അമ്പലവും ശുചിത്വമാർന്ന വെളുത്ത അങ്കണവും ദേവയാനിക്ക് ഏറെ ഇഷ്ടമായി. 'ആരതി' വളരെ നീണ്ടുനിന്നു. മഞ്ഞുതൊപ്പിയിട്ട, എഴുന്നുയർന്ന കൊടുമുടികൾ, ഓളം തുള്ളിത്തിളങ്ങിയൊഴുകുന്ന ഗംഗ, ക്ഷേത്രത്തിൽ സന്നിഹിതരായ കാവിവസ്ത്രക്കാരായ സന്യാസിമാർ. പ്രശാന്തമായ അന്തരീക്ഷം, മണിയടികളും ലയമധുരമായ സ്തോത്രഗാനാലാപവുമല്ലാതെ മറ്റൊന്നുകൊണ്ടും ഭഗ്നമാകാത്ത നിശ്ശബ്ദത — ഇവയെല്ലാംകൂടി ഇരുകുട്ടികളുടെയും മനസ്സിൽ മായാത്ത മുദ്ര പതിപ്പിച്ച ഒരനുഭൂതിയായി.

സൂര്യൻ അസ്തമിച്ചു. പെട്ടെന്നു തണുപ്പു വ്യാപിച്ചു. മുത്തച്ഛൻ

കുട്ടികളെ വിശ്രമത്താവളത്തിലേക്കു തിരിച്ചുകൊണ്ടുപോയി. ചൗക്കിദാർ വാങ്ങിക്കൊണ്ടുവന്നിരുന്ന സാധനങ്ങൾ കൊണ്ട് മുത്തച്ഛൻ സ്റ്റൗവിൽ ഭക്ഷണം പാകം ചെയ്തു. മൂവരും ഉണ്ണാനിരുന്നു.

"മുത്തച്ഛാ, കടയിൽ വേണ്ടതൊക്കെ കിട്ടുമോ?" ദേവയാനി ചോദിച്ചു.

"യാത്രക്കാർക്ക് അത്യാവശ്യമുള്ളവയെല്ലാം. ഇത് സെപ്തംബറാണല്ലോ. കുറച്ചുനാൾ കൂടിയേ കടകൾ തുറന്നിരിക്കൂ. മഞ്ഞുകാലം തുടങ്ങിയാൽ എല്ലാവരും അടിവാരത്തേക്കു പോകും."

"എല്ലാവരും പോകുമോ? ആരും ഇവിടെ തങ്ങുകയില്ലേ?"

"ചില സന്യാസിമാർ മലയിൽ നിന്നിറങ്ങുകയില്ല. എല്ലാടവും മഞ്ഞുമൂടിയാലും അവർ ഗുഹയിൽ ഇരിക്കും. മാത്രമല്ല അവർ വസ്ത്രമുടുക്കുകയുമില്ല. പക്ഷേ അങ്ങനെയുള്ളവർ കുറച്ചേയുള്ളൂ. മഞ്ഞുകാലം മുഴുവൻ അവർ നെരിപ്പോടെരിക്കും. അടിവാരത്തു പോകുന്നത് അവരുടെ തപസ്സിനു വിഘ്നമാണ്."

"അത് ഓർക്കുമ്പോൾ തന്നെ എനിക്കു തണുക്കുന്നു." ദേവയാനി കമ്പിളിപ്പുതപ്പു വലിച്ചുകേറ്റി തലകൂടി മൂടി.

കുട്ടികൾ വളരെ തളർന്നിരുന്നു. അതിനാൽ ഉടനെ ഉറങ്ങിപ്പോയി. രാവിലെ മുത്തച്ഛൻ ഉണർന്നു നോക്കുമ്പോഴോ? അവര പ്രത്യക്ഷരായിക്കഴിഞ്ഞിരുന്നു! അവർ ഏതെങ്കിലും ഗുഹയിൽ പോയിരിക്കാം എന്നദ്ദേഹം കരുതി. പക്ഷേ അവരുടെ ശബ്ദം അടുത്തുനിന്നുതന്നെ കേട്ടു.

"എന്താണിത്? എന്തിനാണീ കല്ലുകളൊക്കെ പെറുക്കിക്കൂട്ടിയിരിക്കുന്നത്?" മുത്തച്ഛൻ ചോദിച്ചു.

"നോക്കൂ മുത്തച്ഛാ! എത്ര ഭംഗിയുള്ള കല്ലുകൾ! ഞങ്ങളിവയ്ക്കു പേരുകളുമിട്ടു. ഇതാ ഇത് 'മുത്തച്ഛൻ'— ദേവയാനി ചൂണ്ടിക്കാട്ടി."

"മുത്തച്ഛന് പൂണൂലുണ്ട്. നോക്കൂ, ഈ കല്ലിനുമുണ്ട്".

"വെളുത്ത കല്ലിന്റെ മുകളിലുള്ള തവിട്ടു വര കണ്ടിട്ടാണോ , പറയുന്നത്? പിള്ളേരു വല്ലാതെ വിളയുന്നു!"

"ഈ കല്ല് 'മുത്തശ്ശി'യാണ്."

"എല്ലാം തന്നത്താൻ ചുമക്കാമെങ്കിൽ എടുത്താൽ മതി. ഞാൻ കുറച്ചു ഗംഗാജലം മാത്രമേ എടുക്കുന്നുള്ളൂ. കൂടെ വരിൻ. ഞാൻ നിങ്ങൾക്ക് ഒരു അസാധാരണശില കാട്ടിത്തരാം."

ഗംഗോത്രിയിലെ പാറകൾക്കുള്ള പ്രത്യേകത അവ തൂവെള്ള യായിരിക്കുമെന്നതാണ്. മുത്തച്ഛൻ ഒരു പാറ കാട്ടിക്കൊടുത്തു. അമ്പും വില്ലും പോലെ തോന്നിക്കുന്ന അടയാളങ്ങളുണ്ട് അതിന്മേൽ. അടുത്തുതന്നെ രണ്ടു പാദുകങ്ങൾ വെച്ച പാടും.

"ഇവ രാമപാദുകങ്ങൾ വെച്ച പാടാണെന്നാണ് കരുതി വരുന്നത്. ഭരതൻ അവ വെച്ചു പൂജിച്ചിരുന്നുവല്ലോ. ആദിത്യാ, ഗംഗ ഈ ഗുഹയിലേക്ക് ഒഴുകുന്നതു കണ്ടുവോ? അതൊരു ശിവലിംഗത്തിന്റെ ആകൃതിയിലാണ് താഴേക്കൊഴുകുന്നത്" മുത്തച്ഛൻ ചൂണ്ടിക്കാട്ടി.

വിശ്രമത്താവളത്തിലേക്കു തിരിച്ചുവന്നതിനുശേഷം മുത്തച്ഛൻ ഗൗമുഖയാത്രയ്ക്കുള്ള ഒരുക്കങ്ങൾ ചെയ്തു. കുറെ ദൂരം കഴുത പ്പുറത്തു യാത്രചെയ്യാൻ കൂലി പറഞ്ഞുറപ്പിച്ചു. അതിനുശേഷം കുറച്ചുദൂരം കാൽനട. പാറകളിൽ നിരങ്ങിയും പിടിച്ചു തൂങ്ങിയും മറ്റുംവേണം ചില സ്ഥലത്തു കേറിയെത്താൻ.

"തയ്യാറായോ?" മുത്തച്ഛൻ വിളിച്ചു ചോദിച്ചു. "ഓർത്തോളൂ വേഗം പുറപ്പെടണം. വെളുപ്പിന് നേരത്തെ പുറപ്പെടണമെന്നു ഞാൻ പറഞ്ഞില്ലേ?"

"നാം നാളെ ഗൗമുഖത്തെത്തുമോ?" കുട്ടികൾ ചോദിച്ചു.

"ഇല്ല. 'ചീർബാസ്' എന്ന സ്ഥലത്ത് രാത്രി തങ്ങും. പിറ്റേന്ന്

നമ്മൾ ഗൗമുഖത്തുപോയി രാത്രി തങ്ങാൻ തിരിച്ചു ചീർബാസി ലെത്തും. വഴിക്ക് 'ഭുജ്ബാസും' 'പുഷ്പബാസും' കാണും. പക്ഷേ അവിടെ യൊന്നും തങ്ങുകയില്ല. ദേവയാനീ, നീയാണ് ഭക്ഷണ സാധനങ്ങളുടെ സഞ്ചി സൂക്ഷിക്കേണ്ടത്. നടക്കുംതോറും വിശപ്പേറും. വല്ലാതെ വിശക്കാനിടയാക്കരുത്. ഞാൻ പോക്കറ്റിൽ

ഉണങ്ങിയ പഴങ്ങൾ നിറയ്ക്കുകയാണ്. നടക്കുമ്പോൾ കുറേശ്ശെ എടുത്തു തിന്നാൻ."

"ഞങ്ങളും പോക്കറ്റുകൾ നിറച്ചുകഴിഞ്ഞിരിക്കുന്നു. ഉണക്കപ്പഴങ്ങളും 'മിശ്രി'യും ബിസ്ക്കറ്റും മറ്റും ഞങ്ങളുടെ സഞ്ചിയിലുണ്ട്. പാൽക്കട്ടി ടിന്നുകളും. തീരുമ്പോൾ ടിൻ എറിഞ്ഞു കളയാം." വേഗത്തിലവൾ കൂട്ടിച്ചേർത്തു, "വഴി വൃത്തികേടാക്കാതെ."

"കള്ളി പുറത്തായി! കൊണ്ടുവന്ന ടിന്നുകളും പൊതികളും മറ്റും എവിടെപ്പോയി എന്നു വിചാരിക്കുകയായിരുന്നു ഞാൻ. പഴപ്പൊതിയിൽ വളരെക്കുറവുണ്ടല്ലോ എന്നുതോന്നി. ഇപ്പോ മനസ്സിലായി" — മുത്തച്ഛൻ ചിരിച്ചു.

ആദിത്യനും ദേവയാനിക്കും ലേശം ഇളിഭ്യത്തരം പറ്റിയോ? "ഇല്ല," അവർ പറഞ്ഞു "ഞങ്ങൾ മുത്തച്ഛനോടു ചോദിച്ചിട്ട് എടുക്കാമെന്നു കരുതിയതാ. പിന്നെത്തോന്നി, മുത്തച്ഛൻ നടന്നു ക്ഷീണിക്കുമ്പോൾ പോക്കറ്റിൽ നിന്നു വല്ലതും എടുത്തുതന്നാൽ എന്തു സന്തോഷമാവും എന്ന്!"

"അതാണ് മിടുക്ക്. യാത്രചെയ്തു ശീലമുള്ളവരെല്ലാം ചെയ്യുന്നതാണിത്. എളുപ്പത്തിൽ എടുക്കാവുന്നവിധത്തിൽ തിന്നാനുള്ള ചിലതു കരുതും."

ദേവയാനി പെട്ടെന്നു ചോദിച്ചു. "ആദിത്യാ, എന്താണ് ചീർബാസ്? ഏതുപേരാണത്?"

മുത്തച്ഛൻ അതു കേട്ടു. കമ്പിളി പുതച്ചുകൊണ്ട് അദ്ദേഹം കുട്ടികളുടെ അടുത്തുവന്നിരുന്നു. "മുകളിലേക്കു കയറുന്തോറും നിങ്ങൾക്കു കാണാം സസ്യങ്ങളുടെ തരംമാറുന്നുവെന്ന്." അദ്ദേഹം പറഞ്ഞു. "കുറെ സ്ഥലംവരെ ചീർ പൈനുകൾ; പിന്നെ ഭുർജമരങ്ങൾ; അതും കഴിഞ്ഞാൽ ഉയരത്തിൽ വളരുന്നത്

കുറ്റിച്ചെടികളും പൂച്ചെടികളും. കുറേക്കൂടി ഉയരത്തിലെത്തിയാൽ പുല്ലുമാത്രം. ആ സ്ഥലവും പിന്നിട്ടാൽ വെറും പാറ."

"ചീർമരങ്ങളുടെ തലം ചീർബാസ്; ഭൂർജമരങ്ങളുടെ തലം ഭൂർജബാസ്; മരങ്ങളില്ലാതെ കുറ്റിച്ചെടികളും പൂക്കളും മാത്രമുള്ള തലം പുഷ്പബാസ്. ഗൗമുഖത്തിനപ്പുറമുള്ളതെല്ലാം പാറകളുടെ തലമാണ്. അതിനെ തപോവനമെന്നു പറയുന്നു. നാളെ എല്ലാം നേരിട്ടു കാണാം."

കുട്ടികൾ ഉറങ്ങാൻ കിടന്നു, ഗൗമുഖത്തെ സ്വപ്നം കണ്ടു കൊണ്ട്. വെളുപ്പിനേ ഉണർന്നു. കഴുതക്കാരെത്തുമ്പോഴേക്ക് ദേവയാനി ഭക്ഷണസാധനങ്ങൾ എടുത്തുവെച്ചു. ആദിത്യൻ എല്ലാം പാക്കുചെയ്തു വെച്ചു.

മുത്തച്ഛൻ മുന്നിൽ നടന്നു. കുട്ടികൾ തൊട്ടുപിറകെ. പിന്നാലെ കഴുതക്കാരും. കഴുതകൾ കയറുന്ന ദൂരം കുറച്ചേയുള്ളൂ. എങ്കിലും അത്രയെങ്കിലും കുട്ടികൾക്ക് ക്ഷീണിക്കാതെ പോകാമല്ലോ എന്നു മുത്തച്ഛൻ കരുതി. വഴി ഇടുങ്ങിയതാണ്. കഷ്ടിച്ചു നടക്കാൻ മാത്രം വീതി. താഴെ ഭാഗീരഥിയിലെ വെള്ളം മിന്നിത്തിളങ്ങിയൊഴുകുന്നതു കാണാം.

ദേവയാനി പെട്ടെന്നു നിന്നു. "മുത്തച്ഛാ! ഞാൻ തീരെ മറന്നു പോയി. ഇന്നെന്റെ പിറന്നാളാണ്."

മുത്തച്ഛൻ നിലത്ത് വടികൊണ്ട് തട്ടി പറഞ്ഞു. "നിൽക്കരുത്. പിറന്നാള് വീട്ടിൽപോയി ആഘോഷിക്കാം. ഇവിടെ ഗംഗയുടെ പിറന്നാളാഘോഷം മാത്രം."

"ഗംഗയുടെ പിറന്നാളോ!" കുട്ടികൾ ഒരുമിച്ചു പറഞ്ഞു. "നമുക്കാഘോഷിക്കണം. എപ്പഴാണ്?"

"അത് ഭാരതീയ പഞ്ചാംഗപ്രകാരമാണ് കണക്കാക്കുക" മുത്തച്ഛൻ വ്യക്തമാക്കി. "ഗംഗയുടെ പിറന്നാളിനു പേര് 'ഗംഗാ

ദസറാ' എന്നാണ്. അത് ജൂൺമാസം മധ്യത്തോടെയാണ്. അന്ന് ഗംഗയിൽ മുങ്ങുന്നതു വലിയ പുണ്യമാണ്. ദേവയാനി, ആ ദിവസം ദാനത്തിനുള്ളതാണ്. കൊടുക്കലേയുള്ളൂ–വാങ്ങലില്ല. പാവങ്ങൾക്ക് അന്നദാനം ചെയ്യണം. ധർമം കൊടുക്കണം."

"എന്താണ് മുത്തച്ഛാ ധർമം കൊടുക്കൽ?" — ആദിത്യൻ ചോദിച്ചു.

മുത്തച്ഛൻ ഉത്തരം പറഞ്ഞു. "ദൈവത്തിന്റെ നാമത്തിൽ ആവശ്യക്കാർക്കു വേണ്ടതു കൊടുക്കുക. പിന്നെ അതിനെപ്പറ്റി മിണ്ടാതിരിക്കുക. വലത്തെ കയ്യു കൊടുക്കുന്നത് ഇടത്തെ കയ്യ് അറിയരുത്. കൊടുത്തതിനെപ്പറ്റി മിണ്ടാതിരിക്കുക. അതാണ് ശരിയായ ദാനം."

"അത് എന്തുതരം പിറന്നാളാണ്?" ദേവയാനി ചൊടിച്ചു. "പാർട്ടിയില്ല! സമ്മാനങ്ങളില്ല!"

"ശരി. ഞാൻ പറയാം. ഇതുപോലൊരു പിറന്നാള് അത്ര എളുപ്പത്തിലൊന്നും ഇനി നിനക്കുണ്ടാവില്ലല്ലോ ഗംഗയുടെ അടുത്ത്. ഈ പ്രകൃതിമനോഹരമായ ചുറ്റുപാടിൽ." മുത്തച്ഛൻ തുടർന്നു "ഇവിടെ നിൽക്കൂ. ഗംഗാമാതാവിന്റെ നേരെ നോക്കൂ. കൈകൂപ്പി പറയൂ, ഗംഗാമാതാവേ! എനിക്ക് ഒരു സാധനം ചോദിക്കാനുണ്ട്."

ദേവയാനി പറഞ്ഞു. "ഗംഗ കേൾക്കാൻവേണ്ടി ഉറക്കെത്തന്നെ പറയാം. ഗംഗാമാതാവേ! എനിക്ക് ഒരു സാധനം ചോദിക്കാനുണ്ട്."

"എന്റീശ്വരാ, ഇത്ര ഉറക്കെയോ? ഉറക്കെ പറയുന്നത് മറ്റുള്ളവർ കേൾക്കേണ്ടപ്പോഴാണ്. ഉള്ളിൽപ്പറയുന്നതാണ് ഈശ്വരനോടുള്ള താവുക. അതുകൊണ്ട് നീ നിന്നോടുതന്നെ പറയുക, 'ഗംഗാ മാതാവേ, അവിടത്തെ അടുത്തുവെച്ച് പിറന്നാൾ വന്നത് എന്റെ ഭാഗ്യമാണ്. എനിക്ക് അനുഗ്രഹം തരൂ. അവിടുന്നു ഞങ്ങളുടെ

നന്മയ്ക്കായി ഭൂമിയിൽ വന്നതു പോലെ, ഞാനും എല്ലായ്പ്പോഴും അന്യരുടെ നന്മ മാത്രം ഇച്ഛിക്കുന്നവളാകട്ടെ. ഞങ്ങളെ ഒരിക്കലും മറക്കരുത്!' തല കുനിക്കുക. ഗംഗയെ തൊഴുക. ഇനി നടക്കൂ. നടക്കുമ്പോൾ സംസാരിക്കാം. നിൽക്കാൻ നേരമില്ല."

"നോക്കാലോ, വീട്ടിലെത്തുമ്പോഴേക്കും ഇവളുടെ നല്ലകുട്ടി ചമയലൊക്കെ പമ്പകടക്കും. മുത്തശ്ശിയെയും അമ്മയെയും ഇവൾ ഓരോന്നിനുവേണ്ടി അലട്ടിത്തുടങ്ങും"— ആദിത്യൻ പറഞ്ഞു.

"ഇല്ലില്ല. ഗംഗയുടെ പിറന്നാളുപോലെതന്നെയായിരിക്കും എന്റെ പിറന്നാളും ആഘോഷിക്കുക. പാവങ്ങൾക്ക് അന്നവും വസ്ത്രവും ദാനം ചെയ്യും. പക്ഷേ, അതല്ല, ഗംഗയ്ക്ക് എങ്ങനെയാണൊരു പിറന്നാളുണ്ടാവുന്നത്?"

"അത് എനിക്കും അറിയില്ല. പക്ഷേ ഭഗീരഥൻ ഒരു ബുധനാഴ്ച അത്തം നക്ഷത്രത്തിലാണ് ഗംഗയെ ഭൂമിയിലേക്കിറക്കിക്കൊണ്ടു വന്നതെന്നറിയാം. ആകട്ടെ ഈ സ്ഥലത്തെ ഗംഗോത്രിയെന്നു പറയുന്നതെന്തുകൊണ്ടാണെന്നറിയാമോ?"

"അതെളുപ്പമാണ് – ഞാൻ പറയട്ടെ?" ദേവയാനി.

"പറയൂ" മുത്തച്ഛൻ.

"ഗംഗ ഭൂമിയിലേക്കിറങ്ങിയത് ഇവിടെയാണ്. ഹിന്ദിയിൽ 'ഗംഗ ഉതരി' എന്ന് ഈ സ്ഥലത്തെപ്പറ്റി പറയാൻ തുടങ്ങിയിരിക്കും."

"അതുശരി. ആദിത്യാ, താനെന്തു പറയുന്നു?"

"എനിക്കറിഞ്ഞുകൂടാ."

"ഞാൻ ഒരു സൂചന തരാം. അതു ശ്രദ്ധിച്ചാൽ പേരിന്റെ അർഥം ശരിക്കു മനസ്സിലാവും." മുത്തച്ഛൻ പറഞ്ഞ് ഒന്നു നിർത്തി, പിന്നെ തുടർന്നു: "തെക്കൻ നാട്ടുകാർ ഒരുപാടുദൂരം സഞ്ചരിച്ചിട്ടാണ് ഗംഗോത്രിയിൽ ദർശനത്തിനെത്തുന്നത്."

"ഓ അതുശരി, തെക്കൻ, വടക്കൻ, കിഴക്കൻ, പടിഞ്ഞാറൻ.

അപ്പോൾ വടക്കൻ "ഉത്തരിഗംഗ" — എങ്കിലും എന്തുകൊണ്ട് 'ഉത്തരഗംഗ' എന്നുപറയുന്നു!"

"തനിക്കു ബുദ്ധിയുണ്ട്. അങ്ങനെതന്നെയാണ് ഈ പേരു വന്നത്. ഗംഗ ഇവിടെ ഉത്തരദിശയിലാണ് ഒഴുകുന്നത്. അതുകൊണ്ട് 'ഗംഗോത്തരി' വടക്കോട്ടൊഴുകുന്ന പുഴ പുണ്യനദിയായി കരുതി വരുന്നു."

ദേവയാനി കേറിച്ചോദിച്ചു "എന്തുകൊണ്ടാ, മുത്തച്ഛാ?"

"ഹിമാലയത്തിൽ നദികളൊക്കെ തെക്കോട്ടാണൊഴുകുന്നത്. അതുകൊണ്ട് കുറെ ഒഴുകിയെത്തിയ നദി പിന്നെ വടക്കോട്ടൊഴുകുന്നതിൽ എന്തോ തത്ത്വം ഒളിഞ്ഞിരിക്കുന്നതായി ആളുകൾ കരുതുന്നു. അത് ഒരു പതനത്തിൽനിന്ന് സ്വയം രക്ഷിക്കുകയാവണം?"

"അതിലെ തത്ത്വമെന്താണ് മുത്തച്ഛാ?" ആദിത്യൻ മുത്തച്ഛന്റെ നേരെ തിരിഞ്ഞുനോക്കി ചോദിച്ചു.

മുത്തച്ഛൻ പറഞ്ഞു "തിരിഞ്ഞു നോക്കരുത്. നിലത്തു നിന്നു കണ്ണെടുക്കരുത്. കാലുതെന്നിവീഴും. തത്ത്വമിതാണ്: എല്ലാവരും ഉൽകർഷത്തിൽ കണ്ണ് ഊന്നണം. പതനമുണ്ടാക്കുന്ന വഴി ഒഴിവാക്കണം. ഗംഗ ഇവിടെ വടക്കോട്ടൊഴുകുന്നതുകൊണ്ട് ഈ സ്ഥലം ഗംഗോത്രിയായി."

"മുത്തച്ഛാ, എന്റെ പാഠപുസ്തകത്തിൽ ഗംഗയുടെ വിവാഹത്തിന്റെ കഥ ഞാൻ വായിച്ചിട്ടുണ്ട്." എന്നായി ആദിത്യൻ.

"ആരെ വിവാഹം ചെയ്തു?" ദേവയാനിക്കറിയണം.

"ശന്തനു രാജാവിനെ." "*ഗംഗോത്രി സന്ദർശനം* എന്നൊരു പുസ്തകത്തിൽ ഞാൻ വായിച്ചിട്ടുണ്ട് ശന്തനു ഒരുതരം ധാന്യമാണെന്ന്. ഈ ധാന്യത്തിന് അശ്വിനമാസത്തിൽ മഴകിട്ടണം. അശ്വിനത്തിൽ പെയ്യുന്ന മഴയെ ഗംഗാജലമെന്നു പറയുന്നു. ശന്തനു ധാന്യവും ഗംഗാജലവും ഒത്തുചേർന്നാൽ സമൃദ്ധിയായ

വിളവുണ്ടാകും. അതാണ് ഗംഗയുടെ വിവാഹം. നോക്കൂ, ഗംഗയുടെ പിറന്നാളും, നാമകരണവും, വിവാഹവും ഒക്കെ നടത്തിയതിനിടയ്ക്ക് നാമിതാ ധർമശാലയിലെത്തിക്കഴിഞ്ഞു." മുത്തച്ഛൻ പറഞ്ഞു.

മുമ്പിൽ ചീർബാസിലെ ധർമശാലയും ചീർപൈനുകളുടെ ഒടുക്കത്തെ പ്രതിനിധിയും. ആദിത്യൻ പറഞ്ഞു. "മുത്തച്ഛാ! ഇതു താമസിക്കാൻ പറ്റിയ സ്ഥലമാണ്."

"ഇവിടെയാണ് നാം രാത്രി കഴിക്കാൻ പോകുന്നത്." മുത്തച്ഛൻ പറഞ്ഞു. അദ്ദേഹം ചുമടുകൾ ഇറക്കിവെച്ചു. "ഇവിടെ ചൗക്കിദാർ ഇല്ല. വരുന്നവർ എല്ലാം വേണ്ടപോലെ നോക്കുമെന്ന പൂർണ വിശ്വാസമാണ്."

ആദിത്യൻ ഓടിച്ചെന്നു വാതിൽ തുറന്നു. "നോക്കൂ മുത്തച്ഛാ. പാത്രങ്ങളും മറ്റു സാമാനങ്ങളുമൊക്കെയുണ്ട്."

മുത്തച്ഛൻ വിശദീകരിച്ചു "നമ്മുടെ കെട്ടുകൾ അഴിക്കുക. നമ്മുടെ കയ്യിലുള്ളതും ഇവിടെയുള്ളതും ഉപയോഗിച്ചു ഭക്ഷണം ഒരുക്കണം. മറ്റു ധർമശാലകളിൽ സാധനങ്ങൾ എടുക്കുംതോറും കുറയും. ആളുകൾ എടുത്തുകൊണ്ടു കടന്നുകളയും. ഇവിടെയാകട്ടെ കൂടിക്കൂടിവരും."

"അതെങ്ങനെ?" ആദിത്യൻ ആശ്ചര്യപ്പെട്ടു.

"ഇവിടെ താമസിക്കാനെത്തുന്നവരൊക്കെ എന്തെങ്കിലും ബാക്കിവെക്കും. പിന്നത്തെ ആൾ വരുമ്പോൾ തനിക്കു വേണ്ടത് എടുക്കും. താൻ കൊണ്ടുവന്നത് കുറെ വെച്ചിട്ടു പോകും. ചൗക്കിദാരില്ല, കാര്യസ്ഥനില്ല. സന്ദർശകരുടെ മനസ്സാക്ഷി തന്നെയാണ് ശരിയായ കാവൽ. ഫലമോ? കുറയുന്നതിനു പകരം സാധനങ്ങൾ കൂടിക്കൂടിവരും".

"ഇനി നാം കമ്പിളി വിരിക്കുക. പിന്നെ തീകത്തിച്ച് ഭക്ഷണം പാകംചെയ്യുക. തണുത്ത ഭക്ഷണം കഴിക്കാനാവില്ല." മുത്തച്ഛൻ സ്വന്തം വിഷമം മറച്ചുവെച്ചില്ല.

വല്ലാതെ ക്ഷീണിച്ചിരുന്നതിനാൽ അവരാദ്യം ചെയ്തത് കിടക്ക അഴിക്കുകയാണ്. പക്ഷേ കിടക്കയിൽ കേറേണ്ട താമസം അവർ മേൽപ്പോട്ടു ചാടി, തേളു കുത്തിയതു പോലെ......

"ഇതിലൊരു വൈദ്യുതപ്രവാഹമുണ്ട്." അവർ പറഞ്ഞു.

"ഇവിടെ വൈദ്യുതിയോ? വൈദ്യുതിയുള്ള നാടുവിട്ട് നാം

ഉയരത്തിലെത്തിയിരിക്കയാണ്. ഇവിടെയെങ്ങാൻ കാണാനുണ്ടോ ഒരു ബൾബെങ്കിലും?"

"അതെന്തോ! പക്ഷേ കിടക്കയിൽനിന്നു ഷോക്കടിക്കുന്നുണ്ട്. ഇരുന്നു നോക്കൂ."

മുത്തച്ഛൻ പറഞ്ഞു "എന്തിന്? നിങ്ങൾ വിരിയെടുത്തപ്പോഴേ ഞാൻ നോക്കിയിരിക്കയായിരുന്നു മേലോട്ടു ചാടുന്നതു കാണാൻ. കമ്പിളി വിരിക്കാൻ ഞാൻ നിങ്ങളോടു പറഞ്ഞില്ലേ? നിങ്ങൾ ശ്രദ്ധിച്ചില്ല. ഈ തണുപ്പത്ത് പരുത്തിത്തുണി ഐസ് പോലിരിക്കും. ആദ്യത്തെ തവണ വന്നപ്പോൾ എനിക്കും ഇതുതന്നെ പറ്റി. ആദ്യം വിരിയുടെ മേൽ ഒരു കമ്പിളി വിരിക്കൂ. ഞാൻ ചെയ്തപോലെ. അതിന്റെ മേലെ ഇരിക്കുക. കമ്പിളി എത്ര അത്യാവശ്യമാണെന്നു കണ്ടോ? ഇപ്പോ ബോധ്യമായില്ലേ, മലയിലെ ആളുകൾ ആടുകളെ നിധിപോലെ കരുതുന്നതെന്തുകൊണ്ടെന്ന്?"

* * *

പ്രഭാതമായി. അവർ ഭുജ്ബാസിലേക്കു പുറപ്പെട്ടു. ചെറിയ തോതിൽ രാത്രി മഞ്ഞുവീണിരുന്നു. കുറ്റിച്ചെടികളിന്മേൽ അവ പറ്റിക്കിടന്നു.

"ഇപ്പോൾ കടൽനിരപ്പിൽനിന്ന് എത്ര അടി ഉയരത്തിലാണ് നാം, മുത്തച്ഛാ?" ആദിത്യൻ ചോദിച്ചു.

"ഗൗമുഖം കടൽനിരപ്പിൽനിന്ന് 13,000 അടി ഉയരത്തിലാണ്" മുത്തച്ഛൻ പറഞ്ഞു.

മുന്നിലെ മലനിര ചൂണ്ടി ദേവയാനി ചോദിച്ചു, "മുത്തച്ഛാ, ഈ മലകൾക്കു പേരുണ്ടോ?"

"ഉവ്വുവ്വ്, കേറി വരുമ്പോൾ നാം കണ്ടത് 'ഭുഗുവന്ഥ്' മല. പിന്നെ ശിവലിംഗശൃംഗത്തിന്റെ പിന്നിൽ സുവർണാഭമായ

സുമേരു. നോക്കൂ, മറ്റു മലകൾ നീലയായിത്തോന്നുന്നില്ലേ? പക്ഷേ സുമേരു മാത്രം സ്വർണവർണം. ശിവലിംഗശൃംഗത്തിന്റെ പിറകിൽ അതിന്റെ ഒരു ഭാഗം മാത്രമേ, കാണാനാവൂ."

"ഗീതയിൽ പറഞ്ഞിട്ടുള്ള സുമേരു തന്നെയാണോ ഇത്?" ആദിത്യൻ ചോദിച്ചു.

"മോനേ! ഞാൻ കേട്ടിട്ടുള്ള പേരുകൾ പറയുന്നേയുള്ളൂ. ആ സുമേരുതന്നെയാണിതെന്നുറപ്പിച്ചു പറഞ്ഞാൽ ശരിയാവണ മെന്നില്ല. എങ്കിലും നോക്കൂ! എന്തൊരസാധാരണ ഭംഗി! കൈലാസപർവതത്തെയും സുമേരുവെന്നു വിളിക്കാറുണ്ട്. ശരിയായ സുമേരു ഏതായാലെന്ത്? നമുക്ക് ഈ ഭംഗി ആസ്വദിച്ചാൽ പോരേ?"

ദേവയാനി ചോദിച്ചു "മുത്തച്ഛാ, ഇവിടെ കസ്തൂരി മാനുണ്ടോ?"

"ഉണ്ട്. കുറേക്കൂടി ഉയരത്തിൽ. മഞ്ഞുപെയ്താൽ കസ്തൂരി മാൻ കീഴോട്ടിറങ്ങും. പക്ഷേ അതിന് ചൂടു സഹിക്കാൻ വയ്യ എന്നറിയാമല്ലോ. കരടി, പുള്ളിപ്പുലി, നരി മുതലായവയും മഞ്ഞു പെയ്താൽ കീഴോട്ടിറങ്ങും."

അവർ നടന്നു. മുത്തച്ഛൻ മറ്റൊരു ചെടിയുടെ ഇല പൊട്ടിച്ചു. അതു ഞെരിച്ച് ഉരുട്ടി ആദിത്യന്റെ വായിലിട്ടു കൊടുത്തു. "എങ്ങനെയുണ്ട്?"

"പഞ്ചസാരപോലെ, മുത്തച്ഛാ, അസ്സൽ മധുരം."

മുത്തച്ഛൻ കുറച്ചുകൂടി മുമ്പോട്ടുപോയി പറഞ്ഞു. "ഇവിടെ വരിൻ. ഒരു സാധനം കാട്ടിത്തരാം. ഈ ചെടി കണ്ടോ? പൂത്താൽ നൂറുനൂറു മഞ്ഞപ്പൂക്കളുടെ കുല. നോക്കൂ, ചിലതു കാണാം. ഇതാ മറ്റൊരു ചെടി. ഇതു കരയും, ചിലപ്പോൾ."

"കരയുകയോ?" കുട്ടികൾ അത്ഭുതംകൂറി. "ഇതുപോലെ സൗന്ദര്യം തുളുമ്പുന്ന സ്ഥലത്ത് ആരു കരയും."

"നേരുതന്നെ, പക്ഷെ ചെടി ശരിക്കും കരയുകയല്ല. ഇപ്പോൾ സെപ്തംബർ കഴിയാറായില്ലേ? മഞ്ഞു തുടങ്ങാറായി. എന്നാൽ തണുപ്പില്ലാത്തപ്പോൾ അതിന്റെ തണ്ടിൽ നിന്ന് ഒരുതരം നീരുവാർന്നൊലിക്കും, അതിനു നല്ല മധുരമാണ്. ഉറുമ്പുകൾ വരും. അതുകൊണ്ടാണ് ആളുകൾ അതു കരയുന്നുവെന്നു പറയുന്നത്."

ദേവയാനി മണത്തിട്ടു പറഞ്ഞു. "നല്ല സൗരഭ്യം."

"മുത്തച്ഛാ, ഭാഗീരഥിയുടെ മറ്റേ കരയ്ക്കു കാണുന്നത് ആരുടെ കുടിലാണ്? വയലുകളിൽ കൃഷിക്കാർ കെട്ടിയുണ്ടാക്കുന്ന വൈക്കോൽക്കുടിൽ പോലുണ്ട്."

"അവിടെ ഒരു സന്യാസി പാർപ്പുണ്ട്." മുത്തച്ഛൻ പറഞ്ഞു.

"മഞ്ഞുവീഴുമ്പോൾ അയാൾക്കു തണുക്കില്ലേ?"

ആദിത്യൻ പറഞ്ഞു: "അവർക്കു വേണ്ടത് ശാന്തിയും സമാധാനവുമാണ്. മറ്റൊന്നും വേണ്ട."



മുത്തച്ഛൻ പറഞ്ഞു: "ഈശ്വരൻ കാത്തുരക്ഷിക്കുമെന്നാണ് അവരുടെ വിശ്വാസം. അപ്പോൾ ശാന്തി ലഭിക്കുന്നു. ഞാനൊരു സന്യാസിയുടെ ആശ്രമത്തിൽ കൂടി. അദ്ദേഹം തീ കെടാതെ സൂക്ഷിക്കാൻ വേണ്ടിടത്തോളം വിറകു കരുതിവെച്ചിരുന്നു."

"പക്ഷേ മുത്തച്ഛാ, ഇവിടെ മരങ്ങളില്ലല്ലോ. പിന്നെ വിറകെങ്ങനെ ശേഖരിക്കും?" ആദിത്യൻ ചോദിച്ചു.

"കുറ്റിക്കാടുകളിൽ നിന്നാണ് വിറകു ശേഖരിച്ചു വെച്ചിരുന്നത്. രാത്രി ഞാനുണർന്നു നോക്കുമ്പോൾ അതു തിളങ്ങിയിരുന്നു. ഗുഹയിൽ നേരിയ വെളിച്ചം പടർന്നിരുന്നു."



"മുത്തച്ഛാ, രാത്രിയിൽ ജ്വലിക്കുന്ന ഒരു ചെടി എനിക്കു കാണണം" ദേവയാനി പറഞ്ഞു.

ആദിത്യൻ കുനിഞ്ഞ് വീണുകിടന്നിരുന്ന നേരിയ തവിട്ടു നിറത്തിലുള്ള മരത്തൊലി എടുത്തുപറഞ്ഞു. "എന്തു മിനുമിനുപ്പം, തുണിപോലെ."

"അതു നല്ല ഉപമയാണ്" മുത്തച്ഛൻ പറഞ്ഞു. "കടകളിൽ തുണിയുടെ ചുരുളുകൾ കണ്ടിട്ടില്ലേ? അതുപോലെ മരത്തിന്റെ മീതെ തൊലിയുടെ ചുരുളുകളുണ്ട്. മീതെയുള്ള തൊലി പതുക്കെ അടർത്തിയെടുത്തു നോക്കൂ."

ദേവയാനി ഇടയ്ക്കുകേറി "മുത്തച്ഛാ, ഇപ്പഴെനിക്കു മനസ്സിലായി രാമനും സീതയ്ക്കും ലക്ഷ്മണനും കാട്ടിൽ വസ്ത്രം കിട്ടിയതെങ്ങനെയെന്ന്. ഉയരമുള്ള ഒരു ഭൂർജമരത്തിന്റെ വീതിയുള്ള തൊലികിട്ടിയാൽ സാരിപോലെ ഉടുക്കാം."

മുത്തച്ഛൻ പറഞ്ഞു. "ഭോജ്പത്രമെന്നാണ് ഭൂർജമരത്തൊലിക്കു പേര്. അതിന്മേൽ ടൈപ്പടിക്കാൻകൂടി പറ്റും. തെളിഞ്ഞു ഭംഗിയായി അക്ഷരം കാണും. മാത്രമല്ല, ഇതിൽ ചിതലരിക്കില്ല. അച്ചടി ആരംഭിക്കുന്നതിനുമുമ്പ് നമ്മുടെ പവിത്രഗ്രന്ഥങ്ങൾ 'ഭൂർജപത്ര'ത്തിലാണെഴുതിയിരുന്നത്. ഇനി പറയൂ, മറ്റെന്തൊക്കെ ഭൂർജമരത്തൊലികൊണ്ടു ചെയ്യാമെന്ന്."

"അത് കഴുകിയെടുക്കാമോ?" ദേവയാനി ചോദിച്ചു.

“ഉവ്വ്. അതിനു നല്ല ഉറപ്പുണ്ട്. വലിച്ചുകീറിയാലല്ലാതെ കേടുവരില്ല.” മുത്തച്ഛൻ പറഞ്ഞു.

മുത്തച്ഛൻ ഏതോ ചില സംസ്കൃതശ്ലോകങ്ങൾ മൂളുകയായിരുന്നു. പെട്ടെന്നു നിർത്തിയിട്ടു പറഞ്ഞു. “നോക്കൂ! എന്തു ഭംഗിയുള്ള വെള്ള ഭൂർജമരം. ഇവിടെ വരുന്നവർ പ്രകൃതി തരുന്ന വരത്തെ ആദരിക്കാൻ കഴിവുള്ളവരായിരിക്കണം. ഒരു സസ്യത്തിലോ കുറ്റിച്ചെടിയിലോ ചെറിയ മുറിവേൽപ്പിക്കുന്നതു പോലും പങ്കിലകർമമാണ്. അതു വിടുക. നോക്കൂ, ഇതാ പുഷ്പബാസ് ആയി. ഇനിയങ്ങോട്ട് മരങ്ങൾ കാണില്ല. ചെറിയ, പൂത്ത സസ്യങ്ങൾ മാത്രം.” – മുത്തച്ഛൻ പറഞ്ഞു.

“മുത്തച്ഛാ, വഴി ഏറെയേറെ ഇടുങ്ങിവരികയാണല്ലോ”— ആദിത്യൻ.

“സൂക്ഷിച്ചു നീങ്ങുക. നോക്കൂ, ഭാഗീരഥിക്കും വീതി കുറഞ്ഞു വരുന്നു. എങ്കിലും പ്രവാഹത്തിനു നല്ല വേഗമുണ്ട്. ഇതിന്റെ ഉത്പത്തിസ്ഥാനം അടുത്താണെന്നു കരുതാൻ ഞെരുക്കം.”

നദിയുടെ നേരെ ചൂണ്ടി ദേവയാനി പറഞ്ഞു: “ഐസുകൾ വെള്ളത്തിനു മീതെ പൊങ്ങിക്കിടക്കുന്നതു കണ്ടോ? നദി പ്രവാഹത്തിന്റെ മുകളിൽ ഒരു ഐസ് ഷീറ്റും, അതിനു കീഴെ ജലപ്രവാഹവും എന്നാണ് തോന്നുക.”

“ഭാഗീരഥിയുടെ ഉത്പത്തിസ്ഥാനം ഏതാണ് മുത്തച്ഛാ?”

“ഒരു വലിയ ഹിമപാളിയുടെ അടിയിൽ നിന്നാണ്. ഒരു നാഴികയോളം വീതിയുണ്ടതിന്. മലമുകളിലേക്ക് അനേകം നാഴികയോളം നീണ്ടുകിടക്കുന്നു അത്. ഹിമത്തിന്റെ ചോട്ടിൽ നിന്ന് നദി പുറപ്പെടുന്നു. ഗൗമുഖത്തുനിന്നു നോക്കിയാലതു കാണാം.”

“മുത്തച്ഛാ! എന്താണതിനെ ഗൗമുഖമെന്നു (പശുവിന്റെ മുഖം)

വിളിക്കുന്നത്? അതിന് പശുവിന്റെ മുഖത്തിനോട് സാമ്യമുണ്ടോ?" ഒരു നിമിഷം ഓർത്തിട്ട് ദേവയാനി പറഞ്ഞു. "ഉവ്വ്, ഭാഗീരഥി ഒഴുകിത്തുടങ്ങുന്ന ആ സ്ഥലത്തിന് ഒരു പശുമുഖച്ഛായയുണ്ട്. പശുവിന്റെ തുറന്ന. വായ."

മുത്തച്ഛൻ വിവരിച്ചു: "ഗോ' സംസ്കൃത പദമാണ്. അതിന് ഒരുപാട് അർഥങ്ങളുണ്ട്. ഇന്ദ്രിയങ്ങൾ, ഭൂമി, പശു, രശ്മി മുതലായവ. ഇവിടെ ഇന്ദ്രിയങ്ങൾ, ഭൂമി, പശു എന്ന അർഥങ്ങളൊക്കെ ചേരും. ഇന്ദ്രിയങ്ങൾ എന്നതിന് ചേർച്ച വരുന്നത് നമുക്ക് ഗംഗയെ ഇന്ദ്രിയങ്ങളിലൂടെ അറിയാൻ കഴിയുന്നത് ഇവിടെവെച്ചായതുകൊണ്ടാണ്. ഭൂമിയുടെ അന്തർഭാഗത്തുനിന്ന് ഐസിന്റെ ചോട്ടിലൂടെ അതു പ്രത്യക്ഷപ്പെടുന്നത് ഇവിടെയാണല്ലോ."

ആദിത്യൻ ഇടയിൽ കേറിപ്പറഞ്ഞു "രണ്ടാമത്തെ അർഥം ഞാൻ പറയാം. 'ഗോ' ഭൂമിയുമാണല്ലോ. മുഖത്തിന് പ്രത്യക്ഷപ്പെടുന്ന സ്ഥലം എന്നർഥമുണ്ടല്ലോ. ഭൂമിയിൽ ഗംഗ പ്രത്യക്ഷപ്പെടുന്ന സ്ഥലം, ഗൗമുഖം."

"തികച്ചും ശരി" മുത്തച്ഛൻ സമ്മതിച്ചു.

"പിന്നെ, 'ഗോ'വെന്നാൽ പശു. ആ സ്ഥലത്തിന്റെ ആകൃതിക്കു പശുവിന്റെ ഛായയുമുണ്ടല്ലോ" — ദേവയാനി

"അങ്ങനെ ഗൗമുഖത്തിന്റെ അർഥം ചർച്ചചെയ്യുന്നതിനിടയ്ക്കു നാമിതാ ഗൗമുഖത്തെത്തിപ്പോയി" മുത്തച്ഛൻ പറഞ്ഞു.

തോൾസഞ്ചിയിൽ നിന്ന് ആദിത്യൻ ഒരു പാത്രമെടുത്തു. അതു ഗംഗാജലം എടുത്തുകൊണ്ടുപോകാൻവേണ്ടി കൊണ്ടുവന്നതാണ്.

"മുത്തച്ഛാ ഗംഗാജലം ഒരിക്കലും കേടുവരില്ലെന്നു പറയുന്നുണ്ടല്ലോ. എങ്ങനെയാണത്?"

ആദിത്യന്റെ പക്കൽ നിന്നു പാത്രം വാങ്ങി; മുത്തച്ഛൻ ആ രഹസ്യം വിവരിച്ചുകൊടുത്തു.

"ഒരുപാടു ഹിമപാളികൾ കൂടിച്ചേർന്നാണ് ഗംഗോത്രിയിലെ ഹിമപാളിയുണ്ടാവുന്നത്. അതിൽ ധാതുദ്രവ്യങ്ങളും മറ്റുമുണ്ട്. അവമൂലം ജലം ശുദ്ധമായി നിലനിൽക്കുന്നു."

വിസ്മയാധീനരായി, കൈകൂപ്പിനിന്ന് അവർ നോക്കിക്കണ്ടു. ഭാഗീരഥിയിലെ ഹിമജലം പതഞ്ഞുപൊങ്ങി ചുഴികളായി ഹിമക്കട്ടകൾ ഉരുട്ടിക്കൊണ്ടൊഴുകുന്നു.

"നമോസ്തു ഭാഗീരഥി ഭാവുകപ്രദേ!

നമോസ്തുതേ ഭാരത ജീവനാഡികേ" മുത്തച്ഛൻ പതുക്കെ ചൊല്ലി.

"മുത്തച്ഛാ ഞങ്ങൾക്ക് ഭഗീരഥന്റെ കഥ പറഞ്ഞുതരാമെന്നു പറഞ്ഞില്ലേ?" ആദിത്യൻ.

മുത്തച്ഛൻ തുടങ്ങി "ഭഗീരഥൻ ഗംഗയെ ഭൂമിയിലെത്തിക്കാൻ നീണ്ട തപം ചെയ്തു. ശിവൻ ഗംഗ കുതിച്ചു ചാടുമ്പോഴുള്ള ആഘാതം തന്റെ ജടകൊണ്ട് തടുത്തില്ലായിരുന്നെങ്കിൽ ഭൂമിതന്നെ പാതാളത്തിൽ പതിക്കുമായിരുന്നു. 'ശിവലിംഗ പർവതനിര' ശിവന്റെ ജടപോലെയാണ്. ആ മലനിരയില്ലായിരുന്നെങ്കിൽ ഗംഗ നേരെ സമതലത്തിലേക്കു കുതിച്ചു ചാടുമല്ലോ. അപ്പോഴെന്തായിരിക്കും തകർപ്പ്!" മുത്തച്ഛൻ നിർത്തിയിട്ടു കൂട്ടിച്ചേർത്തു. "നമ്മൾ നോക്കിയിരുന്നു വർത്തമാനം പറയണോ അതോ സ്നാനം ചെയ്യണോ? ഇതാ ഈ രണ്ടു പാറയിടുക്കിലുള്ള പൊയ്കയിൽ ഞാൻ മുങ്ങാൻ പോകയാണ്." ഒരു കല്ലെടുത്ത് ഹിമത്തിലേക്കെറിഞ്ഞു. അതു പിളർന്നകന്നപ്പോൾ അടിയിൽ വെള്ളം. മുത്തച്ഛൻ വസ്ത്രമഴിച്ചുവെച്ചു.

"ഹരഹരഗംഗേ!" എന്നു ജപിച്ചുകൊണ്ട് വെള്ളത്തിലേക്ക് ഒറ്റച്ചാട്ടം. ഒന്നു മുങ്ങിയിട്ട് പൊങ്ങി.

ദേവയാനിയും ആദിത്യനും അതുപോലെ ചെയ്യാനൊരുങ്ങി.

"വരട്ടെ." മുത്തച്ഛൻ വിളിച്ചു പറഞ്ഞു. "ഞാനും കൂടെ നിൽക്കാം. അല്ലെങ്കിൽ നിങ്ങൾ തണുത്തു മരവിച്ചുപോകും."

ഇരുവരും സ്നാനം ഒരുവിധം ഒപ്പിച്ചു. അവരെ വലിച്ചു കരയ്ക്കുകേറ്റാൻ മുത്തച്ഛൻ സഹായിക്കേണ്ടിവന്നു.

"വേഗം ഉടുപ്പിടൂ." മുത്തച്ഛൻ ഓർമിപ്പിച്ചു. "ഇല്ലെങ്കിൽ നിങ്ങൾക്കു പനിവരും. പിന്നെ കയ്പുള്ള ഔഷധച്ചായ കുടിക്കേണ്ടിവരും."

ഉടുപ്പണിഞ്ഞതിനുശേഷം ഭാഗീരഥിയുടെ മേലെയുള്ള പാറയുടെ നേരെ അവർ നടന്നു.

"ഇതുപോലൊരവസരം ഇനിയെന്നുകിട്ടും എന്നെനിക്കറിഞ്ഞുകൂടാ." മുത്തച്ഛൻ പറഞ്ഞു "വരൂ, നമുക്കു ഗംഗയോടു പ്രാർഥിക്കാം."

മുത്തച്ഛൻ കൊണ്ടുവന്നിരുന്ന പാല് ഗംഗയ്ക്കു നിവേദിച്ചു. ഗംഗയിലേക്കു പുഷ്പങ്ങൾ അർപ്പിച്ചു.

"ഇനി ആരതി ചെയ്യുക." മുത്തച്ഛൻ കുട്ടികളോടു പറഞ്ഞു.

"പക്ഷേ കർപ്പൂരവും തീപ്പെട്ടിയുമില്ലല്ലോ, മുത്തച്ഛാ, അത് വീട്ടിൽവെച്ചു മറന്നുപോയോ." ദേവയാനിക്കു പരിഭ്രമമായി.



മുത്തച്ഛനാകട്ടെ അവൾ പറഞ്ഞുനിർത്തുംമുമ്പേ ഒരു കല്ല് ഇളക്കിയെടുത്തു. അതിന്റെ ചോട്ടിൽ ഉണങ്ങിയ പുല്ലുണ്ടായിരുന്നു. അത് ഒരു ചൂട്ടുപോലെ പിരിച്ചുകെട്ടി. രണ്ടു കല്ലുകളെടുത്ത് കൂട്ടിയുരസി. അവയിൽനിന്ന് പൊരിചിതറുംവരെ. തീപ്പൊരി കൊണ്ട് ചൂട്ടു തീപിടിപ്പിച്ചു. അതുകൊണ്ടായിരുന്നു ഗംഗാദേവിയുടെ ആരതിക്കുള്ള തിരിയുഴിച്ചൽ. മുത്തച്ഛൻ സ്തോത്രം ആലപിച്ചുകൊണ്ട് ആരതി നടത്തി. കുട്ടികൾ കൂടെ ആലപിച്ചു.

"നമോസ്തു ഭാഗീരഥി ഭാവുകപ്രദേ!
സമസ്തരും നിന്നെ നമിച്ചിടുന്നിതാ.
സമസ്ത ജന്മത്തിലുമീപിറപ്പിലും
പുമർഥമെങ്ങൾക്കരുളീടുകംബികേ!"



Printed at Jupiter Offset Works, Shahdara, Delhi-110032